## ഗവ:ഹൈസ്കൂൾ
## നീലാഞ്ചേരി

# നീലാംബരി

**സ്കൂൾ മാഗസിൻ 2024**

## ലിറ്റിൽ കൈറ്റ്സ് 2024



# നീലാംബരി

## സ്കൂൾ മാഗസിൻ 2024

## ജി എച്ച് എസ് നീലാഞ്ചേരി

ലിറ്റിൽ കൈറ്റ് 2024

## എഡിറ്റോറിയൽ ടീം

| | | |
|---|---|---|
| ചീഫ് എഡിറ്റർ | : | പ്രദീപ് കുമാർ മാട്ടറ |
| എഡിറ്റർ | : | മിനി കെ എൻ |
| | : | അബ്ദുൽ ലത്തീഫ് എം |
| | : | വിജിഷ സി |
| | : | ശാലിനി കെ |

| | | |
|---|---|---|
| സ്റ്റുഡന്റ്സ് എഡിറ്റേർസ് | : | ജുമാന ഫിദ |
| | : | സന്തഷ എൻ വി |
| | : | സന്തഷ കെ |
| | : | അതുല്ല്യ കെ |
| | : | അലീന എം |

| | | |
|---|---|---|
| രൂപകല്പന | : | ലിറ്റിൽ കൈറ്റ്സ് ജി എച്ച് എസ് നീലാഞ്ചേരി |

## എഡിറ്റോറിയൽ

വായനയുടെയും സർഗാത്മകതയുടെയും
പുതുനാമ്പുകൾ വിസ്മയം തീർത്ത, വരയുടെ
ലോകം, അനുഭവങ്ങളുടെ പെരുമഴ പെയ്ത
വൈജ്ഞാനിക മേഖലകളെ
അന്വേഷണാത്മകമായി വീക്ഷിക്കുന്ന
ലേഖനങ്ങൾ, നീലാഞ്ചേരി സ്കൂളിൻറെ ഈ
വർഷത്തെ മാഗസിൻ നീലാംബരിയുടെ
സാക്ഷാത്കാരത്തിനായി പ്രവർത്തിച്ച
ഓരോരുത്തർക്കും നന്ദി പറയുന്നതിനും തന്റേതായ
സർഗ്ഗ രചനകൾ കൊണ്ട് സജീവ പങ്കാളിത്തം
ഉറപ്പാക്കിയവരെ അനുമോദിക്കുന്നതിനും ഈ
അവസരംഉപയോഗിക്കട്ടെ

സ്നേഹത്തോടെ എഡിറ്റർ

# സന്ദേശം


പ്രഥമാധ്യാപകന്റെ കാര്യാലയം

**48558 - ഗവ. ഹൈസ്കൂൾ, നീലാഞ്ചേരി**

ഉവ്വൂർ പഞ്ചായത്ത്, നീലാഞ്ചേരി പി.ഒ., PIN: 676525

Ph: 04931 280060

e-Mail: ghsneelanchery@gmail.com


ജനവരി 8, 2024

ഒരു സ്കൂൾ മാഗസിൻ കേവലം വാക്കുകളുടെയും ചിത്രങ്ങളുടെയും ശേഖരമല്ല; മറിച്ച് പ്രചോദനത്തിന്റെയും, ബന്ധങ്ങളുടെയും, നേട്ടത്തിന്റെയും, അഭിമാനത്തിന്റെയും നേർക്കാഴ്ച കൂടിയാണ്. ഈ പേജുകൾക്കുള്ളിൽ, ഞങ്ങളുടെ ഈ എളിയ വിദ്യാലയത്തിന്റെ വൈവിധ്യമാർന്ന ജീവിത സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ആശയങ്ങൾ, ചിത്രങ്ങൾ, കഥകൾ എന്നിവ നിങ്ങൾക്ക് കാണാനാകും. പരിശ്രമങ്ങളും പരാജയങ്ങളും, അഭിലാഷങ്ങളും സ്വപ്നങ്ങളും മുതൽ അവയെ പിന്തുടർന്നവന്ന നേട്ടങ്ങൾ വരെ, ഈ മാഗസിന്റെ ഭാഗമായി നടന്ന ഓരോ പ്രവർത്തനവും കുട്ടികളുടെ വിദ്യാലയ അനുഭവത്തെ നിർവചിക്കുന്ന ചൈതന്യത്തിന്റെയും ചലനാത്മകതയുടെയും തെളിവുകളാണ്. എന്നെന്നും ഓർമിക്കാനുള്ളവയുമാണ്.

നന്നായോ, ഇല്ലയോ … എന്തുമാകട്ടെ, ഞങ്ങൾ അതിൽ അഭിമാനിക്കുന്നു.

കുട്ടികളുടെ ആശയങ്ങൾ പ്രകാശിപ്പിക്കുന്നതിനും, അവരുടെ നേട്ടങ്ങൾ പ്രദർശിപ്പിക്കുന്നതിനും ഓരോരുത്തരുടെയും സ്കൂൾ അനുഭവത്തെ യഥാർത്ഥത്തിൽ അദ്വിതീയമാക്കുന്ന നിമിഷങ്ങൾ നിർമിക്കുന്നതിനും ഈ ഒരു വേദി നിർമിച്ച നീലാഞ്ചേരിയിലെ എന്റെ പ്രിയ സഹപ്രവർത്തകർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി.



പ്രദീപ് കുമാർ മാട്ര

പ്രഥമാധ്യാപകൻ

ഗവ. ഹൈസ്കൂൾ, നീലാഞ്ചേരി

നീലാഞ്ചേരി പി.ഒ., 676525

ജനുവരി 8, 2024

## സന്ദേശം

നീലാഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ 2023 -24 അധ്യായനവർഷത്തിൽ നീലാംബരി എന്ന പേരിൽ ഒരു സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. വിദ്യാർഥികളുടെ സർഗശേഷികൾ പരിപോഷിപ്പിക്കുന്നതിനും പാഠ്യേതര വിഷയങ്ങളിൽ മികവ് കൈവരിക്കുന്നതിനും മാഗസിൻ സഹായിക്കട്ടെ. മാഗസിന് എല്ലാവിധ ആശംസകളും

പിടിഎ പ്രസിഡന്റ്

## സന്ദേശം

നീലാഞ്ചേരി ഗവൺമെന്റ് ഹൈസ്കൂൾ നീലാംബരി എന്ന പേരിൽ ഈ വർഷത്തെ സ്കൂൾ മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഒപ്പം വിദ്യാർത്ഥികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും വായനാശീലം വളർത്തുന്നതിനും മാഗസിൻ സഹായകം ആകുമെന്ന് പ്രതീക്ഷിക്കുന്നു. അതിനുള്ള സാഹചര്യങ്ങൾ ഒരുക്കിയ അധ്യാപകരും വിദ്യാർത്ഥികളും അഭിനന്ദനം അർഹിക്കുന്നു. നീലാംബരി സ്കൂൾ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു

എസ് എം സി ചെയർമാൻ

ചരിത്രം

# ചരിത്രവഴികളിലൂടെ



മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ വണ്ടൂർ വിദ്യാഭ്യാസ ഉപജില്ലയിൽ തുവൂർ ഗ്രാമപഞ്ചായത്തിലെ നീലാഞ്ചേരിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദ്യാലയമാണ് നീലാഞ്ചേരി ഗവൺമെൻറ് ഹൈസ്കൂൾമതത്തിന്റെയും ജാതിയുടെയും അതിർവര മ്പുകളോ ചിന്തയുടെയും ആശയത്തിന്റെയും സംഘട്ട നകളും ഏറെ യൊന്നും മുറിപ്പെടുത്താത്ത മനസ്സുമായി മണ്ണിനെ മാത്രം സ്നേഹിച്ചു ജീവിച്ച നാളുകളിൽ എവിടെയോ അക്ഷരങ്ങളെ നെഞ്ചേട്ടൻ മറന്നുപോയ പഴയ തലമുറയുടെ തിരിച്ചറിവിൽ നിന്നും ഗ്രാമത്തെ വിജ്ഞാനത്തിന്റെ മഴത്തുള്ളി കൾക്കായി വേഴാമ്പലുകളെ പോലെ കാത്തുനിന്ന കാലത്ത് മനസ്സിൽ സംഗീതവും തോളിൽ ഹാർമോണിയ പ്പെട്ടിയുമായി നാടകവും നാടൻ ശീലമായി ഒരു മനുഷ്യൻ നീലാഞ്ചേരിയിൽ എത്തി ഗ്രാമസേവാസംഘം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്ന ആ വരവ് ആണ് വൈദ്യർ എന്നായിരുന്നു അദ്ദേഹത്തിൻറെ പേര് അദ്ദേഹം ജന്മസ്ഥലമായ ഫാറൂക്കിൽ നിന്നും നീലാഞ്ചേരിയിൽ എത്താൻ നിമിത്തമായത് വേദങ്ങൾ ആയിരുന്നു വൈദ്യർ ഗ്രാമവാസി കളുടെ ഗുരുനാഥനായി മാറി അതിനു കാരണമായത് വയോജന വിദ്യാ കേന്ദ്രമാ യിരുന്നുനീലഞ്ചേരിയിലെ ഏകാധ്യാപക വിദ്യാ ലയത്തിന് മലബാർ ജില്ലാ ബോർഡിന്റെ അംഗീകാരം ലഭിക്കുകയും ശ്രീ രാമണ്ണിക്കുട്ടി കുറുപ്പ് ഔദ്യോഗിക അധ്യാപകനായി ചുമതലയേൽക്കുകയും ചെയ്തു 1954 എലിമെന്ററി സ്കൂൾ എന്ന അംഗീകാരം ലഭിക്കുകയും ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകൾ ആരംഭിക്കുകയും

ചെയ്തു 1958 ൽ ജില്ലാ ബോർഡിന്റെ കീഴിൽ നിന്നും സ്കൂൾ സർക്കാർ ഏറ്റെടുത്തെങ്കിലും സ്വന്തമായി ഒരു കെട്ടിടം അനുവദിച്ചു കിട്ടുന്നത് 1970 കളിലാണ് .

1975 നീലാഞ്ചേരിയിലെ അക്ഷര സ്നേഹികൾക്ക് ആഹ്ലാദത്തിന്റെ വർഷം ആയിരുന്നു ഒരുപാട് പ്രയത്നത്തിന്റെ ഫലമായി നീരാഞ്ചേരിയായി ഉയർത്തപ്പെട്ടു.

2013 യുപി സ്കൂളിൽ നിന്നും ഹൈസ്കൂൾ ആക്കി ഉയർത്തിയ നീലാഞ്ചേരി സ്കൂളിന് മലപ്പുറം ജില്ലാ പഞ്ചായത്ത് അകമഴിഞ്ഞ സഹായിച്ചു സ്ഥാപനത്തിന്റെ സ്ഥലപരിമിതി മനസ്സിലാക്കിയ ജില്ലാ പഞ്ചായത്ത് കെട്ടിടങ്ങളും പ്രാഥമിക സൗകര്യങ്ങളും സ്കൂളിന് അനുവദിക്കുകയുണ്ടായി ഇത് നീലാഞ്ചേരി സ്കൂൾ തുവ്വൂർ പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്കൂൾ ആയി ഉയർന്നുനിൽക്കുന്നു

യാത്രാ വിവരണം

# അവധിക്കാല ദിനങ്ങളിലൂടെ



**സഫ ഷെറിൻ പി (7D)**

ചുട്ടുപൊള്ളുന്ന വെയിൽ ദിനത്തിൽ ആയിരുന്നു ഇത്തവണത്തെ എൻറെ സ്കൂൾ വേനലവധിക്കാലം ആരംഭിക്കുന്നത് . സ്കൂൾ ഇല്ലാത്തതിനാൽ ഞാൻ പതിവിലും വൈകിയാണ് രാവിലെ എഴുന്നേൽക്കാറ് വേനൽചൂടിൽ ഉപ്പച്ചി വാങ്ങിത്തരാറുള്ള സിപ്പപ്പും ഉമ്മ ഉണ്ടാക്കി തരാറുള്ള ജ്യൂസും എനിക്ക് ഒരു ആശ്വാസമായിരുന്നു. അധിക ദിവസങ്ങളിലും ഞാൻ കൂട്ടുകാരുമൊത്ത് വൈകുന്നേരങ്ങളിൽ സൈക്കിൾ ഓടിച്ചു കളിച്ചും എൻറെ വേനൽ അവധിക്കാലം ആഘോഷമാക്കി. അവധിക്കാലത്തിന് കണിക്കൊന്ന പൂവിന്റെ നിറമേകാനായി വന്നവിഷു,ഞങ്ങൾ ബന്ധുമിത്രാദി കളോടൊപ്പംഗംഭീരമായി ആഘോഷിച്ചു. കുറച്ചുദിവസം ഞാൻ എൻറെ ഉമ്മയുടെ വീട്ടിൽ താമസിക്കാൻ പോയിരുന്നു അവിടം പ്രകൃതിരമണീയത നിറഞ്ഞ ഗ്രാമപ്രദേശമാണ് വയലും പുഴയും കുളങ്ങളും കാണാൻ ഞാൻ എന്നും വൈകുന്നേരങ്ങളിൽ താത്തയോടൊപ്പം പോകുമായിരുന്നു അവിടെനിന്നും സൂര്യാസ്തമയം വളരെ മനോഹരമായി കാണാൻ കഴിയും. ആകാശത്തെ ഓറഞ്ച് നിറമാക്കി കൊണ്ട് സൂര്യൻ ചക്രവാളത്തിലേക്ക് പോയി മറയുന്ന കാഴ്ച എന്നെ എന്നും വിസ്മയിപ്പിക്കുമായിരുന്നു. അവിടുത്തെ പ്രഭാതങ്ങളിൽ തത്തകൾ വയലിലെ നെൽമണികൾ കൊത്തി തിന്നാൻ വരുന്ന ദൃശ്യവിരുന്ന് പലപ്പോഴും ഫോണിൽ ഫോട്ടോ എടുത്തിട്ടുണ്ട്. ഉമ്മയുടെ വീട്ടിൽ നിന്നും ഞങ്ങളുടെ വീട്ടിൽ തിരിച്ചെത്തി കുറച്ചുനാൾക്കകം വേനൽചൂടിനെ ശമിപ്പി ക്കാനായി വേനൽ മഴ വന്നെത്തി. അന്ന് ആദ്യമായി പെയ്ത മഴയിൽ മണ്ണിൻറെ സുഗന്ധം എനിക്ക് ഉണർവേകിയാണ് കാറ്റിൽ പടർന്നത്. ഞാൻ ചെറുതോ ണികൾ മഴവെള്ളച്ചാലിൽ ഒഴുക്കി കളിച്ചിരുന്നു. ഇടയ്ക്കിടെ ഉപ്പയുടെയും ഉമ്മയുടെയും കൂടെ ഞാൻ

ബീച്ചിൽ പോയിരുന്നു. കടലിലെ തിരമാലകൾക്കൊപ്പം കളിക്കാൻ നല്ല രസമാണ്. ബീച്ചിൽ പോകുന്ന ദിവസ ങ്ങളിൽ ഉപ്പ എനിക്ക് ഐസ്ക്രീം വാങ്ങി തരുമായിരുന്നു സ്കൂൾ തുറക്കുന്നതിന് ഒരാഴ്ച മുമ്പാണ് പുതിയ ബാഗും കുടയും ചെരിപ്പും എല്ലാം ഉപ്പ എനിക്ക് വാങ്ങി തന്നിരുന്നു രണ്ടുമാസം എത്രവേഗത്തിൽ കഴിഞ്ഞുപോയെന്നഎനിക്ക് ഇപ്പോഴും വി ശ്വ സിക്കാൻ കഴിയുന്നില്ല.

കവിത

# പ്രകൃതിയുടെ സ്പന്ദനം





**ഗൗരി നന്ദ പി വി (7B)**

എന്നാണെന്നറിയില്ല പ്രകൃതിയുടെ സ്പന്ദനം
എപ്പോഴാണെന്നറിയില്ല പ്രകൃതിയുടെ സ്പന്ദനം
ക്ലോക്കിലെ പെൻഡുലം അടിച്ചു
നിർത്തുന്ന പോലെയാവാം
പ്രകൃതിയുടെ സ്പന്ദനം
എന്തിന് നശിപ്പിക്കുന്നു ഈ മനുഷ്യർ അമ്മയായ പ്രകൃതിയെ
പ്രകൃതിയുടെ ശാപം ഏൽക്കുന്നു
ഓരോ വ്യക്തിയിലും
നശിക്കുന്നു ഈ മണ്ണും വായുവും ജലവും
കൂടെ നശിക്കുന്നു നമ്മുടെ ജീവിതം
ആദ്യം ഞാൻ കണ്ടു കുന്നു കയറുന്ന ലോറിയെ
ഇപ്പോൾ ഞാൻ കാണുന്നു ലോറികളിൽ
കയറ്റി പോകുന്ന കുന്നിനെ
നശിക്കുകയുള്ളൂ വരും തലമുറകളിൽ ഈ പ്രകൃതി
പ്രകൃതിയുടെ സൃഷ്ടാവേ നീയെങ്കിലും കാക്കൂ ഈ അമ്മയെ


# അനുസരണക്കേടിന്റെ ഫലം

കഥ

ലിബ ഫാത്തിമ (7D)



**മു**റ്റത്തെ മാവിൻകൊമ്പിലാണ് കുഞ്ഞി തത്തയുടെ താമസം. ചുവന്ന കൊക്കും പച്ചയുടുപ്പും ഇട്ട ഒരു കൊച്ചു സുന്ദരിയാണ് കുഞ്ഞി തത്ത. മാവിന്റെ കൊമ്പിൽ അവൾ തത്തിത്തത്തി നടക്കുന്നത് കാണാൻ നല്ല രസമാണ്. അടുത്ത മരത്തിലേക്ക് പറക്കാൻ അവൾക്ക് വലിയ ആഗ്രഹമാണ്. പറഞ്ഞിട്ടെന്താ ചിറക് പൂർണമായും വളർന്നിട്ടില്ലല്ലോ. നേരം വെളുത്താൽ കുഞ്ഞു തത്തയെ തനിച്ചാക്കി അമ്മ തത്ത ഇര തേടി പോകും. പിന്നെ വൈകുന്നേരം ആണ് വരുന്നത്. പോകുമ്പോൾ കുഞ്ഞു തത്തയെ അമ്മ ഒരു കാര്യം ഓർമ്മപ്പെടുത്തുമായിരുന്നു. മക്കളെ ദൂരെക്കൊന്നും പോവരുത് ഇവിടെ ചുറ്റും ശത്രുക്കളാണ്. ഞാൻ വരുന്നതുവരെ കൂട്ടിൽ തന്നെ ഇരിക്കണം. അത് കേട്ട് കുഞ്ഞു തത്ത തലയാട്ടി ഒരുനാൾ അമ്മ തത്ത പുറത്ത് പോയത് നോക്കി കുഞ്ഞു തത്ത മെല്ലെ മുറ്റത്തേക്ക് വന്നു. അവൾ ചുറ്റിലും നോക്കി ആരുമില്ല അമ്മ തിരിച്ചു വരുന്നതിനുമുമ്പ് കൂട്ടിൽ എത്തണം എന്ന് കരുതി അവൾ മുറ്റത്തൂടെ അങ്ങോട്ടുമിങ്ങോട്ടും ഗമയോടെ നടന്നു. ഇതെല്ലാം പാണ്ടൻ പൂച്ച കാണുന്നു ണ്ടായിരുന്നു. കുറെ നാളായി കുഞ്ഞു തത്തയെ മരക്കൊമ്പിൽ കാണുന്നു എന്ന് പാണ്ടൻ പൂച്ച ഇതാ അവസരം മുമ്പിൽ. ഇനി ഒരേയൊരു നിമിഷം ഇത് വൈകിച്ചു കൂടാ. പാവം കുഞ്ഞു തത്ത ഇതൊന്നും അറിയുന്നില്ല അവൾ മുറ്റത്തെ അരിമണികൾ പെറുക്കി തിന്ന് അങ്ങനെ ചാടി ചാടി നടക്കുകയായിരുന്നു പെട്ടെന്നായിരുന്നു പതിയിരുന്ന പാണ്ടൻ പൂച്ച കുഞ്ഞി തത്തയുടെ മേൽ ചാടി വീണത് ഹായ് കുഞ്ഞി തത്തയെ കിട്ടി എന്ന് പറഞ്ഞ് പാണ്ടൻ സന്തോഷിച്ചു അപ്പോൾ ദൂരെ നിന്ന് പറന്നുവന്ന അമ്മ തത്ത പാണ്ടന്റെ തലക്ക് ആഞ്ഞൊരു കൊത്തു കൊടുത്തു പേടിച്ചുപോയ പാണ്ടൻ കുഞ്ഞി തത്തയെ വിട്ട് എവിടെക്കോ ഓടി മറഞ്ഞു പൂച്ചയുടെ പിടിയിൽ നിന്ന് രക്ഷപ്പെട്ട കുഞ്ഞു തത്ത അമ്മയെ പിടിച്ച് നിലവിളിച്ചു അമ്മ തക്ക സമയത്ത് വന്നില്ലായിരുന്നുവെങ്കിൽ അമ്മപറഞ്ഞത് കേൾക്കാതെ ഇറങ്ങിയതിന്റെ പ്രതിഫലം ആണ്കുഞ്ഞുതത്തക്ക് കിട്ടിയത്അന്നുമുതൽ കുഞ്ഞു തത്ത അമ്മ പറയുന്നത് അനുസരിച്ചിട്ടുള്ളൂ മുതിർന്നവർ പറയുന്നത് അനുസരിക്കണം



# നബിയും സ്വഹാബികളും

കഥ

**ഫാത്തിമ എ പി (5A)**

ഒരിക്കൽ നബിയും സ്വഹാബികളും ഒരു സ്ഥലത്ത് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു അപ്പോൾ ഒരു മനുഷ്യന്റെ  മയ്യത്ത് കൊണ്ടുപോയി. അതുകണ്ട് നബി തങ്ങൾ എഴുന്നേറ്റുനിന്നു. അത് കണ്ട സ്വഹാബികൾ ചോദിച്ചു നിങ്ങൾ എന്തിനാണ് എഴുന്നേറ്റത് അതൊരു മനുഷ്യന്റെ  മയ്യത്ത് അല്ലേ. അപ്പോൾ നബി പറഞ്ഞു മയ്യത്താണെങ്കിലും അയാൾ ഒരു മനുഷ്യനല്ലേ

# ശവംതീനിക്കിളി

കവിത



ദിൽറുബ (5A)

### മണ്ണിര

മണ്ണിരയാണ് ഞാൻ
നിന്റെ  പ്രണയത്തിന്റെ
ചൂണ്ടയിൽ നീ കൊത്തിയെറിഞ്ഞ മണ്ണിര
മണ്ണിന്റെ ചൂടും ചൂരും
തണുപ്പും തലോടലും
അറിഞ്ഞ് മണ്ണിന്റെ  മാറിൽ
സുഷുപ്തിയിലാണ്ട് മണ്ണിന്റെ ഇര

### കാക്ക

കാക്കയാണ് ഞാൻ നിന്റെ
പ്രണയം തന്ന ആലസ്യത്തിൽ
നിന്നിലെ അഴുക്ക്
കൊത്തിയെടുത്ത് എന്നെ തന്നെ
വിഴുപ്പാക്കിയെടുത്ത

### മരംകൊത്തി

### കറുത്ത കാക്ക

മരംകൊത്തിയാണ് ഞാൻ എന്റെ പ്രണയത്തിന്റെ
തീക്ഷ്ണതയറിയാതെ
എന്റെ  പ്രണയത്തിന്റെ മറവിൽ
മറ്റൊരു മണ്ണിരയിൽ പ്രേമം തിരഞ്ഞു എന്നെ
കൊത്തിവലിച്ചവൾ

### കഴുകൻ


കഴുകനായി നീ
നിന്റെ പ്രണയം കൊണ്ട് നടന്നു
നിനക്ക് വേണ്ടി ചേതനയറ്റ എന്റെ ഉടൽ
കൊത്തിവലിച്ച ശവം കൊത്തി

യാത്രാ വിവരണം

# യാത്രാവിവരണം

**ഹജ്ന ഷെറിൻ 5D**

കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഞങ്ങൾ എൻറെ ഉമ്മാൻറെ വീട്ടുകാരോടൊപ്പം ഒരു വി നോദയാത്ര പോയിരുന്നു യാത്ര ആതിരപ്പള്ളി വെള്ളച്ചാട്ട ത്തിലേക്ക് ആയിരുന്നു. അ ങ്ങനെ ഞങ്ങൾ അതിൻറെ തലേ ദിവസം സാധനങ്ങൾ വാങ്ങാൻ അങ്ങാടിയിലേക്ക് പോയിരുന്നു അങ്ങനെ ഞങ്ങൾ അവിടെ നിന്ന് ഞങ്ങൾക്ക് കഴിക്കാനുള്ള സാധനങ്ങളും എല്ലാം വാങ്ങി യിരുന്നു അപ്പോഴേക്കും സമ യം കുറെ ആയിരുന്നു പിന്നെ ഞങ്ങൾ വീട്ടിലേക്ക് പോയി ഭക്ഷണം കഴിച്ച് ഞങ്ങൾ വേഗം ഉറങ്ങി അന്ന് രാവിലെ എഴുന്നേൽ ക്കണം ആയിരുന്നു പിന്നെ അടുത്ത ദിവസം അഞ്ചു മണിക്ക് ഞങ്ങളും അതിനു കുറച്ചു മുമ്പ് മുതിർന്നവരും എഴുന്നേറ്റു എഴുന്നേറ്റ തിനു ശേഷം ഞങ്ങൾ പല്ലൊക്കെ തേച്ച് അതിനുശേഷം ഭക്ഷണം കഴിച്ച് കുളിച്ച് മുടിയൊക്കെ കെട്ടി ഒരുങ്ങി



സാധനങ്ങൾ എല്ലാം എടുത്തു ഞങ്ങൾ റോഡിലേക്ക് പോയി കുറച്ചു കഴിഞ്ഞ് വിനോദയാത്ര ബസ് വന്നു ഞങ്ങൾ ബസ്സിൽ എല്ലാവരും പാട്ടും ഡാൻസും ഒക്കെയായിരുന്നു രാവിലെ ആയതുകൊണ്ട് കുറച്ചുപേർ ഉറങ്ങുകയായിരുന്നു. പിന്നെ ഞങ്ങൾ യാത്ര പോയിക്കൊണ്ടിരുന്നു. കുറച്ചുനേരം കഴിഞ്ഞ് നേരം വെളുക്കാൻ തുടങ്ങി. അതുകഴിഞ്ഞ് കുറച്ചു സമയം കഴിഞ്ഞപ്പോൾ ഒരു മൈതാനത്ത് എത്തി

അവിടെ ഭക്ഷണം കഴിക്കാൻ നിർത്തി എല്ലാവരും ഭക്ഷണം കഴിച്ചു കഴിഞ്ഞ് വീണ്ടും യാത്ര പോയി. അപ്പോ എല്ലാവരും ഡാൻസും പാട്ടും ഒക്കെ ആയിരുന്നു അതുകഴിഞ്ഞ് ഞങ്ങൾ ബേക്കറി ഐറ്റംസ് ഒക്കെ തിന്നും ഉച്ചയൊക്കെ കഴിഞ്ഞിരുന്നു ശേഷം വീണ്ടും വണ്ടി നിർത്തി അപ്പോൾ എല്ലാവർക്കും ബിരിയാണി ആയിരുന്നു അത് കഴിച്ചു കഴിഞ്ഞ് വണ്ടിയിൽ കയറി കുറെ ദൂരം യാത്ര ചെയ്തു അങ്ങനെ ആദ്യം ഒരു വലിയ പാർക്ക് അവിടെയും നിർത്തിയി രുന്നു അപ്പോൾ ഞങ്ങൾ അവിടെ നിന്ന് കളിച്ചു അതിനുശേഷം വീണ്ടും യാത്ര പോയി അങ്ങനെ കുറെ കഴിഞ്ഞ് ആതിരപ്പള്ളി എത്തി വെള്ളച്ചാട്ടം കാണ ണമെങ്കിൽ ഇനിയും നടക്ക ണം നടന്നു എത്തി അവിടെ കുറെ കുരങ്ങന്മാർ ആയി രുന്നു എല്ലാവരുടെയും ഭക്ഷ ണം തട്ടിപ്പറിക്കു ന്നുണ്ടായിരുന്നു ആദ്യം അവിടെ എത്തിയാൽ കാണുക കുറെ പാറകൾ നിരന്നു നിരന്നു അല്ലാ തെയും അതിനടി യിലൂ ടെയും ഒഴുകുന്ന വെള്ളം അവിടെ കാണാൻ നല്ല രസമാണ് അതിന് താഴേക്ക് കുറച്ചു കൂടി ഇറങ്ങിയാൽ ആണ് വെ ള്ളച്ചാട്ടം കാണു ക അങ്ങനെ അവിടേക്കും നടന്ന എത്തി അവിടെ പല രാജ്യത്തു നിന്നും കുറെ ആളു കൾ ഉണ്ടായിരുന്നു അത് വേഗത്തിൽ അതി ഗംഭീരമായി ഒഴുകുന്നു അത് അപ കടം ഉണ്ടാക്കുന്ന സ്ഥലം ആയതിനാൽ ഞങ്ങ ൾ അങ്ങനെ വെള്ളത്തി ലേക്ക് ഒന്നും ഇറങ്ങിയില്ല പിന്നെ കുറെ നേരം കഴിഞ്ഞ് ഞങ്ങൾ ബസ് നിർത്തിയിട്ട സ്ഥലത്തേക്ക് നടന്നു ബസ്സിൽ കയറി സമയം വൈകുന്നേരം ആയിരുന്നു. പിന്നെ ഞങ്ങൾ വേറെ ഒരു സ്ഥലത്തേക്ക് പോയി അവിടെ പാർക്ക് ഉണ്ടായിരുന്നു അവിടെ വലിയ ഒരു നല്ല ഒഴുക്കുള്ള വലിയ ഒരു വെള്ളച്ചാട്ടം ആയിരുന്നു അത് കണ്ടുകഴിഞ്ഞ് ബസ്സിൽ കയറി അപ്പോഴേക്കും രാത്രിയായിരുന്നു പിന്നെ ഞങ്ങൾ ബീച്ചിലേക്ക് പോയി. അവിടെ കുറെ സമയം ഞങ്ങൾ കളിച്ചു പിന്നെ ഭക്ഷണത്തിന് ഒരു വലിയ ഫൈവ് സ്റ്റാർ ഹോട്ടലിലേക്കാണ് പോയത് പിന്നെ വീട്ടിലേക്ക് പോയി വലിയ ഒരു യാത്രയായിരുന്നു ഇത് ഞങ്ങൾ വളരെയധികം ഇഷ്ടപ്പെടുന്നു വീട്ടിലെത്തി യപ്പോഴേക്കും ഒരു മണിയൊക്കെ ആയിരുന്നു പിന്നെ വേഗം കിടന്നു ഇതാണ് ഞങ്ങൾ ആതിരപ്പള്ളിയിലേക്ക് പോയ വിനോദയാത്ര



# കഥ

## മനുഷ്യൻ ഒന്ന് ലോകം ഒന്ന്

ഫാത്തിമ ടി



**ലോ**കത്ത്ഒരുപാട് രാജ്യങ്ങളില്ലേ. അവിടെല്ലാം മനുഷ്യരുണ്ട്. പല ഭാഷക്കാർ പല വേഷക്കാർ. അവരെ താഴ്ന്നവരെന്നും ഉയർന്നവരെന്നും വേർതിരിക്കണോ വേണ്ട എല്ലാ മനുഷ്യരും തുല്യരാണ് അവരിൽ പല മതവിശ്വാസക്കാരിലെ ഉണ്ട് എന്നാൽ എല്ലാ മതക്കാരും തുല്യരാണ്

## താരകക്കുഞ്ഞ്

സ്മൃതി ഈ 4B



**അ**മ്പിളിമാമന്റെ ചാരതിരിക്കണം കുഞ്ഞു താരത്തിന് കണ്ടോ താഴോട്ട് പോരുമോ ഏറ്റെടുത്തേക്ക് താരാട്ടുപാടി ഉറക്കം എത്ര മനോഹരം നിന്റെ തിളക്കം മിന്നാമിനുങ്ങിനെ പോലെ അമ്മയെ മണിക്കുട്ടി ചെല്ലാൻ വിളിക്കുന്നു താഴേക്ക് ഞാനൊന്ന് പോട്ടെ എല്ലാ തരൂല്ല ഈ താര കുഞ്ഞിനെ എൻ ജീവനി കുഞ്ഞു താരം നീയങ്ങു പോയാൽ കാർമുകിൽ ചേട്ടനും ഞാനും തനിച്ചാവുകയില്ലേ എല്ലാ വീടുകയില്ല ഈ താര കുഞ്ഞിനെ ആർക്കും കൊടുക്കുകയില്ല

കവിത

# സ്വാതന്ത്ര്യം


ഫാത്തിമ റ്റി (10A)



തൻ രാജ്യത്തിലൊരുപിടി
മണ്ണിനായി പൊരുതിയവർ എത്രപേർ?
ജീവൻ ദാനം ചെയ്തവർ എത്രപേർ
സ്വാതന്ത്ര്യം എന്നൊരു അമൂല്യ
ബിന്ദുവിനായി
യാചിക്കുന്നവർ ഇവിടെമിൽ
തോക്കിൻ മുനകളിൽ നിർത്തി ഹോമിച്ചും
ചടുലപാതങ്ങൾക്കടിമയാക്കിയും
തീർക്കാൻ
തുനിയുകയായി ഈ ജനതയെ
കയ്യേറി ഭരണം ആഗ്രഹിച്ചും അതിൽ
അധികമായി
അതിമോഹവും കേഴുന്ന കരയുന്ന
കുഞ്ഞുങ്ങളുൾപ്പെടെ
കാക്കിക്കടിമയായ വേദനയാൽ
പകരുവാൻ എത്തി സ്വാതന്ത്ര്യം നമുക്ക്
ധീര ധീര യോദ്ധാക്കൾ
പതറാതെ ഇടറാതെ പൊരുതുന്നവർ
സ്വന്തം ജീവനെ പോലും
വെടിഞ്ഞുകൊണ്ട്
ജാതിമത ബോധമില്ലാതന്യോന്യം
കൈകോർത്തു നിന്ന് ത്യാഗജനത
ഒരുപാട് പേരുടെ രക്തത്തിന് ഉത്തരമായി
വീണ്ടെടുത്തു നമ്മൾ സ്വാതന്ത്ര്യം
ഒരുപാട് ധീരരുടെ പോരാട്ടത്തിന് ഒടുവിൽ
വീണ്ടെടുത്ത് നമ്മൾ സ്വാതന്ത്ര്യഭാരതത്തെ
കൊണ്ട് രൂപം പുതിയൊരു ആശയം
അഹിംസ എന്നൊരാ മഹത് വാചകം
എത്രയെത്ര സത്യഗ്രഹങ്ങൾ
എത്രയെത്ര നിരാഹാര സമരങ്ങൾ
വിയർപ്പിന് പകരം ഒഴുക്കി രക്തം
കൂലിക്ക് പകരം മരണങ്ങൾ അനവധി
പിടയുന്നു മുരളുന്നു ഭാരതമാതാവിൻ
മാതൃമനം വേണം ഒരു മോചനം വേണം
ഒരു രാജ്യം സ്വതന്ത്രമായി സമാധാനമായി
ജീവിക്കാൻ
ഞങ്ങളുടെ തലമുറയ്ക്കായി അവരുടെ
തലമുറക്കായി അങ്ങനെ
മനസ്സിൽദൃഢമായി നിശ്ചയിച്ച
വാങ്ങിച്ചു നേടി സ്വാതന്ത്ര്യം പ്രകടമാം
യാതനകൾ അതിലുപരി
തീക്കനൽ എരിയുന്നു ജനതതൻ
നയനങ്ങളിൽ
അസ്തമിക്കുന്നു ക്രൂരതയുടെ നിറസൂര്യൻ

പുതിയൊരു അന്തരീക്ഷം പുതിയൊരു ഭാരതം

സ്മരിക്കുകയായി ധീരയോദ്ധാക്കളെ
നൂറുവട്ടം മനസ്സിൽ നിറപ്രൗഢിയോടെ



# ചിറകൊടിഞ്ഞ പക്ഷികൾ

കവിത



## ഫാത്തിമ T (10A)

ആർത്തുല്ലസിച്ചു നിങ്ങൾ
നടക്കവേ നിങ്ങളറിഞ്ഞിട്ടും അറിയാതെ
പോകുന്നത് എന്നിങ്ങനെ
എത്രയെത്ര ചിറകൊടിഞ്ഞ പക്ഷികൾ
ഈ ഭൂമിയിൽ
നീ എത്ര ദൂരം താണ്ടി പറന്നിട്ടും
നിൻ ആഗ്രഹങ്ങൾ തീരാതതെന്തിങ്ങനെ
നീ എത്ര ചിറകിലേറി പറഞ്ഞിട്ടെന്തിന്
അഹങ്കാരം തീരാത്തത് വരെ ആഗ്രഹങ്ങൾ
തീരുകയില്ലല്ലോ നീ ഒന്ന് ഓർക്കുക പറക്കാൻ
കഴിയാതെ ചിറകൊടിഞ്ഞ പക്ഷികൾ
ഈ ഭൂമിയിൽ ധാരാളമുണ്ട്
അവർക്കും പറയാൻ ഉണ്ടാകുമല്ലോ
ഏറെ കഥകൾ

# വേരുകൾ അന്വേഷിക്കുന്നത്

കവിത



**ഫാത്തിമ(10A)**

ഉയുന്നു ഉണരുന്നു ആകാശമോളം
പന്തലിക്കയായി വൃക്ഷം
സ്മരിക്കുന്ന തൻ വേരുകളെ
നന്ദിയായി കരുണയായി
നാം തിരിക്കണം തൻ വേരുകളെ
തൻ നിലനിൽപ്പിനു കാരണമായവരെ
നിബിഡമാ മണ്ണിൽ പുതച്ച
വേരുകളെപ്പോലെ മറഞ്ഞ പൂർവികരെ
വിയർപ്പാറ്റിയും ദശകങ്ങൾ കടന്നിട്ടും
ചേർത്തുവച്ചു ഈ ശങ്കല
ഒരു വൃക്ഷം എന്ന വണ്ണം വേരുകൾ അതിനെ
കരുത്തോടെ ബലത്തോടെ ഉറപ്പിക്കുന്നു
വൃക്ഷങ്ങൾ അല്ലാഞ്ഞിട്ടു പോലും സ്മരിക്കുന്നില്ല
മനുഷ്യർ തൻറെ പേരുകളെ
അകാലത്തിൽ പൊലിഞ്ഞ ആത്മാക്കളെ
അകാലത്തിൽ നിന്നും അടുക്കാൻ
നേരമില്ല അവർക്ക് സ്വന്തം വേരുകളെ ചേർത്തുവയ്ക്കാൻ
അന്വേഷിക്കുവിൻ അവകളെ തൻനില
അനുസൃതമായവരെ
ഓർക്കുക ഒരു വൃക്ഷത്തിൻ വേർപ്പാൽ ഉടലെടുക്കില്ല
പുതുജീവൻ നാമ്പുകളും മുകുളങ്ങളും ഒരു നാമ്പു തേടിയുള്ള യാത്രയിൽ

അനുഭവം

# മായാത്ത സൗഹൃദങ്ങൾ

സനുഷ N V



അത് ഒരു വെള്ളിയാഴ്ചയായിരുന്നു ഞാൻ സ്കൂളിൽ കൂട്ടുകാരുമൊത്ത് ഭക്ഷണം കഴിക്കുകയായിരുന്നുടീച്ചർ എൻറെ അടുത്ത് വന്നു പറഞ്ഞു സനുഷ ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ കൈകഴുകി എൻറെ അടുത്തേക്ക് വരണം നിന്റെ അമ്മ വിളിച്ചിരുന്നു. ഞാൻ ടീച്ചർ പറഞ്ഞ തുപോലെ തന്നെ ഭക്ഷണം കഴിച്ചു കഴിഞ്ഞ് ഓഫീസിലേക്ക് പോയി ടീച്ചർ മൊബൈലിൽ അമ്മയെ വിളിച്ച് എനിക്ക് തന്നു ഞാൻ അമ്മയോട്കാര്യം തിരക്കി അപ്പോൾ അമ്മ പറഞ്ഞു കുടുംബ ശ്രീയിലെ ഓഫീസർമാർ വിളിച്ചിരുന്നു മലപ്പുറത്ത് വെച്ച് ഒരു ക്യാമ്പ് നടത്തു ന്നുണ്ട് അതിൽ പങ്കെടുക്കാൻ താല്പര്യമു ണ്ടോ എന്ന് ചോദിച്ചു അമ്മ എന്നോട് ചോദിച്ചിട്ട് പറയാം എന്ന് പറഞ്ഞു ഫോൺ കട്ട് ചെയ്തുവത്രേ ഞാൻ ആദ്യം ഒന്ന് മടിച്ചു കാരണം അമ്മ പ്രത്യേകം പറഞ്ഞു രണ്ട് ദിവസത്തെ ക്യാമ്പ് ആണ് ആരും കൂടെ പോരില്ല എന്നും അതുപോലെ ഒരു പഞ്ചായത്തിൽ നിന്നും നല്ല സ്മാർട്ട് ആയ ഒരു കുട്ടിയെ കാണൂ എന്ന് ചുരുക്കം പറഞ്ഞാൽ അറിയാത്ത ഒരു പത്തെൺപത് പേരുടെ കൂടെ ഒറ്റയ്ക്ക് രണ്ട് ദിവസം ക്യാമ്പ് ഉണ്ടായിരി ക്കും അതുകൂടാതെ പോകാൻ മടിയുണ്ടാ ക്കിയ മറ്റൊരു സാഹചര്യം എന്തെന്നാൽ പരീക്ഷ ചൂട് ആയി വരികയായിരുന്നു. ക്ലാസുകൾ എല്ലാം മുടക്കാൻ പറ്റാതാ യിരുന്നു പക്ഷേ ടീച്ചേഴ്സും കൂട്ടുകാരും അമ്മയും നിർബന്ധിച്ചപ്പോൾ ഞാൻ ക്യാമ്പിന് പോകാൻ സമ്മതം മൂളി സത്യ ത്തിൽ അതിൽ ഞാൻ ഇപ്പോൾ സംതൃപ്തയാണ് അതിൻറെ ആദ്യത്തെ റസിഡൻഷ്യൽ ക്യാമ്പ് ആയിരുന്നു അടക്കാനാവാത്ത ആവേശവും അതിലു പരി ആഹ്ലാദവും ഒത്തിരി പേടിയോടും കൂടി ഞാൻ ക്യാമ്പിന് പോകാൻ പറ്റിയ ദിവസം രാവിലെ തന്നെ തയ്യാറായി കുടുംബശ്രീയുടെ ഉദ്യോഗസ്ഥരായ മൈമൂ ന താത്തയുടെ കൂടെയാണ് ഞാൻ ക്യാമ്പിന് പോയത് ക്യാമ്പ് നടക്കുന്നത് മലപ്പുറത്ത് വച്ചാണ് ഞാനും താത്തയുടെ കൂടെ നീണ്ട യാത്രയ്ക്കിടയിൽ മലപ്പുറത്ത് എത്തി അവിടെ എന്നെപ്പോലെ ആകാം ക്ഷയിലും സന്തോഷത്തിലും പേടിയിലും സങ്കടത്തിലും

നിൽക്കുന്ന കുറെ പേർ ഉണ്ടായിരുന്നു. സമയം 8:30 ആയപ്പോ ഴേക്കും എല്ലാ കുട്ടികളും അവിടെ എത്തിച്ചേർന്നിരുന്നു ഞാൻ അവിടെ യുള്ള ഒരു സാറിനോട് ചോദിച്ചു സാർ ഇനി നമ്മൾ എങ്ങോട്ടാണ് പോകുന്നത് എന്ന് അതിനെ അദ്ദേഹം ഒരു ചെറുപു ഞ്ചിരിയോടെ മറുപടി നൽകി മലയിൽ ഫാം ഹൗസ് എന്ന് ഞങ്ങൾ ട്രാവലുകളിൽ കയറി ഇരുന്നു എന്നിട്ട് മലയിൽ ഫാം ഹൗസിലേക്ക് യാത്ര തുടങ്ങി നിരവധി അനുഭവങ്ങൾ ആ യാത്ര സമ്മാനിച്ചു അതോടൊപ്പം കൂടെ ട്രാവലുകൾ ഉണ്ടായിരു ന്നവരിൽ ചിലരെ അവിടെ വച്ച് തന്നെ പരിചയപ്പെട്ടു. ഞങ്ങൾ ലക്ഷത്തിലെത്തി വിചാരിച്ചതിലും മനോഹരമായിരുന്നു അവിടം. ഒരു ചായ എല്ലാം കുടിച്ച് ഞങ്ങൾ അവിടെ മൊത്തം ചുറ്റി കണ്ടു. ടെന്റുകൾ ഹട്ടുകൾ ക്യാമ്പ് ഫയറും പാർക്കും ടവറും കുളങ്ങളും കുളത്തിൽ നിറച്ച് മീനുകളും എല്ലാം കൊണ്ട് അതിമനോഹരമാണ് അവിടം. ഞങ്ങളെ എല്ലാവരെയും മീറ്റിംഗ് നടക്കുന്ന സ്ഥലത്തേക്ക് കൊണ്ടുപോയി അവിടെ വളരെ മനോഹരമായിരുന്നു തുറന്നിട്ട ഒരു ഹാൾ ആയിരുന്നു അത് അതിൻറെ കേന്ദ്രത്തിൽ ആയി സ്റ്റേജും ചുറ്റിനും ആളുകൾക്ക് ഇരിക്കാൻ സ്റ്റെപ്പിന്റെ ആകൃതിയിൽ നീളത്തിൽ വട്ടങ്ങളായി പടങ്ങളും ആദ്യം ജാഫർ സാർ ഞങ്ങൾക്ക് ക്ലാസ് എടുത്തു പിന്നെ സാജു സാർ ദീപ്തി മിസ്സ് അങ്ങനെ എല്ലാവരും ശേഷം അബ്ദുറഹീം സാറും അദ്ദേഹത്തിൻറെ ക്ലാസ് തീർത്തും മികച്ചതായിരുന്നു ഞങ്ങളെ വിവിധ ഗ്രൂപ്പുകളായി തരംതിരിച്ച് ഓരോ ഗ്രൂപ്പിനും വിവിധ വിഷയങ്ങൾ നൽകി പ്രസംഗിക്കാൻ എനിക്ക് വളരെ പ്രിയപ്പെട്ടതും അത് തന്നെ പ്രസംഗം എല്ലാം കഴിഞ്ഞു ശേഷം സാർ പറഞ്ഞു നിങ്ങളിൽഒരു 10 പേരെ തിരഞ്ഞെടുക്കുക കൂടി വേണം ഈ രണ്ട് ദിവസത്തിനുള്ളിൽ അവരെ ആയിരിക്കും തിരുവനന്തപുരത്ത് ഒരു ക്യാമ്പ് നടക്കുന്നു അതിൽ പങ്കെടുപ്പിക്കുക എന്ന് ഞാൻ 10 പേരിൽ ഒരാൾ ആവാനും മറ്റുള്ളവരെ പരാജയപ്പെടാനും കൂട്ടുകൂടാനും ഒരുപോലെ ശ്രമം നടത്തി അവിടുത്തെ പ്രധാന വിഷയം എന്തെന്നാൽ ബാലപാർലമെൻറ് എന്നതാണ് ഞാൻ ബാലസഭയിലെ ഒരംഗം ആയതിനാൽ കൂടിയാണ് എനിക്ക് ഈ അവസരം ലഭിച്ചത് പാർലമെൻറ് ആവുമ്പോൾ മന്ത്രിമാരും മുഖ്യമന്ത്രിമാരും പ്രതിപക്ഷ നേതാവും എല്ലാം വേണമല്ലോ അതിനാൽ തന്നെ അവിടെ വോട്ടിംഗ് നടന്നു ഞാൻ ആരോഗ്യമന്ത്രിയായി പാർലമെൻറിൽ പ്രതിപക്ഷം ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് ഞാൻ എൻറെ വാക്കാക്കുന്ന വാൾ കൊണ്ട് ഉത്തരം നൽകി ഒന്നാം ദിവസം വൈകുന്നേരം ആയപ്പോഴേക്കും ഏകദേശം എല്ലാവരെയും ഞാൻ പരിചയപ്പെട്ടു വൈകുന്നേരം ഞങ്ങൾ അവിടെ അടിച്ചുപൊളിച്ചു ഒപ്പം ഡിജെ നൈറ്റും കൂടിയായപ്പോൾ

മൊത്തത്തിൽ കളർ ആയി അവിടുത്തെ ഭക്ഷണം ഒരിക്കലും മറക്കാൻ മറക്കാത്ത രുചി സമ്മാനിച്ചു എൻറെ പേടി മാറി ആശങ്ക മാറി ആവേശം കൂടി സന്തോഷം ഇരട്ടിയായി മറ്റെല്ലാം മറന്ന് ഞാൻ മലയിൽ ഫാം ഹൗസിൽ ഇതിനുമുമ്പ് പരിചയമില്ലാത്ത കുറച്ചുപേരുടെ കൂടെ അടിയും പാടിയും സമയം ചെലവഴിച്ചു അങ്ങനെ രണ്ടാം ദിവസത്തെ ക്യാമ്പിന് തുടക്കം കുറിക്കാൻ സമയമായി എന്ന് അലാറം എന്നോട് പറഞ്ഞു ഞങ്ങൾ ടവറിനു മുകളിൽ കയറി രാവിലെ മഞ്ഞുമൂടിയ അവിടം കാണാൻ നിലാവിൽ പാൽക്കുടം കമിഴ്ത്തിയത് പോലെ ആയിരുന്നു കുളിയും ഭക്ഷണവും എല്ലാം കഴിഞ്ഞ് ഞങ്ങൾ ഫാമിനോട് വിട പറയാൻ നിർബന്ധിതരായി കാരണം ഇനി ഞങ്ങൾക്ക് മലപ്പുറത്ത് വെച്ചാണ് ക്ലാസ് ഉള്ളത് ഞങ്ങൾ ആദ്യം വന്ന സ്ഥലത്തേക്ക് തന്നെ തിരിച്ചെത്തി അവിടെ നിന്നും പോകുമ്പോൾ ഒറ്റക്കായിരുന്നെങ്കിൽ ഇപ്പോൾ ഞങ്ങൾ ഒറ്റക്കെട്ടാണ് ഞങ്ങളോട് പറഞ്ഞു നമ്മൾ ഇന്നലെ ചെയ്തു വെച്ച പാർലമെന്റിന്റെ ഘട്ടങ്ങളിൽ ഇന്ന് എല്ലാവരും ചേർന്ന് അവസാനമായി ഒന്നു കൂടി ചെയ്യണം എന്ന് അതിൽ നിന്നായിരിക്കും ആ പത്ത് പേരെ തിരഞ്ഞെടുക്കുക ബാലപാർലമെൻറ് അടിപൊളിയായി നടന്നു പ്രതിപക്ഷവും ഭരണപക്ഷവും ആളിക്കത്തി അതിലെ ഒരു തീപ്പൊരി മാത്രമായിരുന്നു ഞാൻ എന്ന് എനിക്ക് തോന്നിയെങ്കിലും സെലക്ട് ചെയ്യപ്പെട്ട 10 പേരുടെ കൂട്ടത്തിൽ ഒന്ന് എന്റെ പേരായിരുന്നു എന്നതോടെ ഞാൻ തീപ്പൊരി അല്ലായിരുന്നു ആളിക്കത്തുന്ന ഒരു നാളമായിരുന്നു എന്ന് എനിക്ക് മനസ്സിലായി അങ്ങനെ ഉച്ചയ്ക്ക് ഭക്ഷണം എല്ലാം കഴിച്ച് എല്ലാവരും സർട്ടിഫിക്കറ്റ് വിതരണം ചെയ്ത് പാർലമെൻറ് പിരിഞ്ഞു എല്ലാവരും തമ്മിൽ സെൽഫി എടുത്തു യാത്ര പറഞ്ഞു കെട്ടിപ്പിടിച്ചും ഇതിലൊന്നും ആൺപെൺ വ്യത്യാസമുണ്ടായിരുന്നില്ല എൻറെ കണ്ണുകളും അറിയാതെ നിറഞ്ഞു എനിക്കറിയില്ല രണ്ടുദിവസംകൊണ്ട് വേർപെരിയാൻ ആവാത്ത വിധം ഞങ്ങൾ 67 പേരും അടുക്കുമോ എന്ന് അവിടെ ജാതിമതം ആൺ പെൺ വ്യത്യാസങ്ങളൊന്നും ഉണ്ടായിരുന്നില്ല പക്ഷേ എനിക്ക് സന്തോഷം നൽകിയ കാര്യം എന്തെന്നാൽ എൻറെ ആഗ്രഹം പോലെ തന്നെ 10 പേരിൽ ഒരാൾ ആവാനും എല്ലാവരെയും പരിചയപ്പെടാനും എനിക്ക് ഒരുപോലെ സാധിച്ചു അവരിൽ നിന്നും നിലനിൽക്കുന്ന പല ബന്ധങ്ങളുമുണ്ട് അങ്ങനെ ഇനി വീണ്ടും കാണുമോ എന്നറിയില്ല എന്ന് പോലും അറിയാത്ത ഞങ്ങൾ എല്ലാവരും ബൈ പറഞ്ഞു പിരിഞ്ഞു പക്ഷേ മനസ്സുകൊണ്ട് ഞങ്ങളെല്ലാം എന്നും ഹൗസിൽ തന്നെയുണ്ട്.

കഥ

# സൗഹൃദത്തെ ഒറ്റപ്പെടുത്തിയ മരണമെന്ന നിമിഷം

**ലിയാന നസ്രിൻ (10B)**



**ഡാ** അമീനെ മഴ നന്നായി തിമിർക്കുന്നുണ്ട് നീ ഇത് എങ്ങോട്ടാ പനിയാണെന്നും പറഞ്ഞ് ഇങ്ങോട്ട് കയറി വാ അപ്പൊ ശരിയാക്കിത്തരാം എന്ന് പറഞ്ഞു ഉമ്മ അകത്തോട്ട് പോയി. അമീൻ മഴയും കൊണ്ട് ഓടി ചെക്കന്റെ ഓട്ടം കണ്ടാൽ തോന്നും വല്ല ഓട്ടമത്സരത്തിലും ഫസ്റ്റ് അടിക്കാൻ ആണെന്ന് പക്ഷേ കഥ വേറെയാണ് 4 30 ബസ്സും കാത്തു ബസ്റ്റോപ്പിലേക്കാണ് എന്ന് ഉമ്മയ്ക്ക് ഊഹിക്കാൻ പോലും കഴിയില്ല ആരും കരുതുന്നതുപോലെ അത്രയ്ക്ക് വായിനോക്കിയും കോഴിയും ഒന്നുമല്ല സെക്കൻഡ് ഇയർ ബികോം വിദ്യാർത്ഥിയാണ് അമ്മേ ഉമ്മയും ഒരു പെങ്ങളും അടങ്ങുന്നതാണ് അവൻറെ കുടുംബം എട്ടുവർഷം മുമ്പ് അമീനിന്റെ ഉപ്പ മരണപ്പെട്ടു ഉമ്മ പണിയെടുത്തിട്ടാണ് രണ്ടുപേരെയും നോക്കുന്നത് തൻറെ പഠിത്തത്തിനുള്ള പൈസ കിട്ടാൻ അവധി ദിവസവും കോളേജ് കഴിഞ്ഞുള്ള സമയവും അവൻ ചെറിയ ജോലിക്കൊക്കെ പോകുന്നുണ്ട് കോളേജിലെ സ്മൈൽ കില്ലർ എന്നുതന്നെ പറയാം അവൻറെ ആ കോൺഗ്രസ് കാട്ടി ഒന്നിളിച്ചാൽ ഏത് പെണ്ണും ഒന്ന് നോക്കി പോകും ഫുൾ മൊഞ്ച് ആ ചിരിയിൽ അടങ്ങിയിട്ടുണ്ട് ഫസ്റ്റ് ഇയർ റാഗ് ചെയ്യാനും കളിയാക്കാനും നമ്മുടെ മുൻപിൽ ആണ് നമ്മൾ കരുതുന്നതുപോലെ അത്രയ്ക്ക് മോശക്കാരനും സൽസ്വഭാവിയും ഒന്നുമല്ല എല്ലാം പാകത്തിൽ എന്ന മട്ടിൽ ഒരു സ്വഭാവക്കാരൻ ചെക്കൻ നാട്ടിലെ അറിയപ്പെടുന്ന ഒരു ഫുട്ബോൾ പ്ലെയർ കൂടിയാണ് പെട്ടെന്ന് സംസാരിച്ച ആളെ കയ്യിലെടുക്കാൻ മിടുക്കനാണ് പലർക്കും ഇവനെ കാണുമ്പോൾ ജാഡ ആണെന്ന് പറയും സംസാരിച്ചാൽ മാത്രമേ അറിയൂ ജാഡ അടുത്തൂടെ പോയില്ലെന്ന് കോളേജിലെ ലൈഫ് കോളേജിലെ ടീച്ചേഴ്സിനെ പറ്റി പറയുകയാണെങ്കിൽ കുറേയുണ്ട് എന്തായാലും കുറച്ചുപേരെ പരിചയപ്പെടാം എല്ലാ കാര്യത്തിലും സപ്പോർട്ട് ചെയ്യുന്ന ടീച്ചേഴ്സ് എല്ലാവരും നിന്നും പ്രായം കുറഞ്ഞ ഫാസിൽ സാർ എല്ലാവരുടെയും പ്രിയപ്പെട്ട ഷീബ മിസ് ഉപദേശം കൊണ്ട് ക്ലാസ് എടുക്കാൻ സമയം ലഭിക്കാത്ത പോലെ സ്പീഡിൽ ക്ലാസ് എടുക്കുന്ന അഖിൽ സർ അടുത്തത് കോളേജിലെ സ്റ്റുഡൻസ് ദൈവഭക്തി കൂടിയത് കാരണം കയ്യിലും

കഴുത്തിലും ചെരട് കെട്ടി സ്ഥലമില്ലാത്ത ആതിര എല്ലാവരോടും ഉണ്ടാക്കി നടക്കുന്ന ആഴ്ചയിൽ പുതിയ ഇറങ്ങുന്ന ചെരുപ്പ് വാങ്ങിക്കൂട്ടി ചെരുപ്പില്ല എന്ന് പറഞ്ഞ് നടക്കുന്ന ആയിഷ എല്ലാവരുടെയും ഡ്രസ്സ് വാടകയ്ക്ക് വാങ്ങിയിട്ട് സ്വന്തം എന്നതുപോലെ കൊണ്ടുനടക്കുന്ന വാടക ഷബീബ്. കെജിഎഫ് സിനിമ കണ്ടു ഈ 11 ആളുകളാണ് അമീനിന്റെ ചങ്കായ ചങ്കിടിപ്പായ ചങ്ങായിമാരെ ഇവരൊരു ഗ്യാങ് ആണ് ഈ ചെറിയ ഗ്യാങ്ങ് സഹപ്രവർത്തനത്തിലും സജീവമാണ് ബിൻഷാദ് അമീനിന്റെ ഏത് കാര്യത്തിലും എല്ലാവരുടെ കാട്ടിൽ മുന്നിൽ നിൽക്കുന്നവനാണ് ഇവൻ അമീനെ സ്വന്തം കൂടപ്പിറപ്പിനെ പോലെയാണ് കാണുന്നത് പോലെയും ബിൻഷാദ് കൂടെയുള്ളത് അമ്മയും ഒരു ധൈര്യമാണ് ആരും തന്നെ അത്രയ്ക്ക് പേടി തൊണ്ടൻമാർ ഒന്നുമല്ല എന്നാലും ബിൻഷാദ് ഉള്ളത് ഗ്യാങ്ങിന്റെ ഒരു പവറാണ് മുഴുത്ത ഒരു വണ്ടി പ്രാന്തൻ കൂടിയാണ് സത്യം പറഞ്ഞ വണ്ടി ഭ്രാന്ത് കൊണ്ട് തലതിരിഞ്ഞ ബിൻഷാദ് കോളേജിലെ ട്രിപ്പ് അടിപൊളിയായി കഴിഞ്ഞു തന്റെ കോളേജ് ലൈഫിൽ തനിക്ക് കിട്ടിയ ഏറ്റവും വലിയ സൗഭാഗ്യമായ സൗഹൃദത്തിൽ നിന്ന് കുറെ ഓർമ്മകൾ സമ്മാനിച്ചു ഒരു മാസത്തിനു ശേഷം വ്യാഴാഴ്ച ഐഎസ്എൽ മരണപ്പെട്ടു 3 ആഴ്ച സെക്കൻഡ് ഇയർ ബികോം ബാച്ച് നിശബ്ദമായി എല്ലാം ഏകദേശം പഴയതുപോലെ ആയി വന്നിരിക്കെ അടുത്ത സ്വാഭാവികത റിൻഷാദ് സഞ്ജു കോളേജ് കഴിഞ്ഞു വരുന്ന വഴിഅവരുടെ ബൈക്ക് ചീറി പാഞ്ഞു വരുന്ന ലോറിയിൽ ഇടിച്ചു തലയിടിച്ചാണ് രണ്ടുപേരും തൊട്ടപ്പുറത്തെ വാഹനത്തിലേക്ക് തെറിച്ചത് ഒരു നിമിഷം പോലും വൈകാതെ ദൈവത്തിൻറെ വിളിക്ക് സഞ്ചി ഉത്തരം നൽകി ഹോസ്പിറ്റലിൽ എത്തിയപ്പോഴേക്കും അവനും ഓർമ്മകളിൽ നിന്നും മാഞ്ഞു ഏറെ നാളത്തെ ദുഃഖത്തിൽ നിന്ന് വീണ്ടെടുത്ത് സെക്കൻഡ് ഇയർ ബികോം ബാച്ച് കോളേജിലെ ഒരു പ്രോഗ്രാം പ്രോഗ്രാമിയുടെ എന്തോ ആവശ്യത്തിന് വേണ്ടി കോളേജിന്റെ മുകളിൽ കയറിയ ബിൻഷാദ് കാൽ തന്നെ ഏറ്റവും താഴോട്ട് വീണ് തലയ്ക്ക് ക്ഷതം ഏറ്റ ബിൻഷാദ് കിടപ്പിലായിരുന്നു കിടക്കയിൽ നിന്ന് എഴുന്നേൽക്കാൻ കഴിയാത്ത അവസ്ഥ മൂന്നുമാസം തികയുന്നത് ബിൻഷാദ് അല്ലാഹുവിൻറെ വിളിക്ക് അർഹനായി ഇതിനെയും പെങ്ങളെ കല്യാണം കഴിഞ്ഞു മരണപ്പെട്ടു ആഴ്ചകൾക്ക് ശേഷം തന്റെ ജീവിതത്തിൽ ആകെയുള്ള സ്വത്തായ തൻറെ സൗഭാഗ്യമായ ഉമ്മയും മരണപ്പെട്ടു ഉമ്മയുടെയും സുഹൃത്തുക്കളുടെയും പെട്ടെന്നുള്ള മരണം ആമീൻ വലിയ തിരിച്ചടിയായി മാറി സെക്കൻഡറി ബികോം ബാച്ച് പൂർത്തിയാക്കാൻ കഴിയാത്ത മാനസിക നിലതെറ്റി അമീൻ എന്നൊരു ആശുപത്രിയിൽ മാനസിക രോഗിയായി തുടരുകയാണ്.

അനുഭവം

# അനുഭവക്കുറിപ്പ്



**അനാമിക കെ (3 C)**

ആഗസ്റ്റ് മാസം ആയപ്പോൾ തന്നെ എന്റെ മനസ്സിൽ വളരെ സന്തോഷമായിരുന്നു കാരണം ഈ വർഷം ഓണം വന്നത് ആഗസ്റ്റിലാണ് പുതിയ ഡ്രസ്സ് എടുക്കണം പൂക്കളും ഇടുക സ്കൂളിൽ ഓണപ്പരീക്ഷയും ഉണ്ട് അത് കഴിഞ്ഞുള്ള ആഘോഷം മനസ്സിൽ വളരെ സന്തോഷം നിറഞ്ഞതാണ് രണ്ട് ജോഡി ഡ്രസ്സ് എനിക്ക് എടുത്തു പട്ടുപാവാടയും ഉടുപ്പും പരീക്ഷ തുടങ്ങി ഓരോ പരീക്ഷയും നന്നായി എഴുതി. അവസാനത്തെ പരീക്ഷയുടെ ദിവസം സ്കൂളിൽ പോകാൻ ഒരുങ്ങി കൂട്ടുകാരികൾ വന്നപ്പോൾ ബാഗ് എടുക്കാൻ ഹാളിൽ വന്ന് ഞാൻ അവിടെ വീണു പിന്നെ ഞാൻ ഒന്നും കണ്ടില്ല അമ്മ വന്ന് എന്നെ എണീപ്പിച്ചു നോക്കുമ്പോൾ എന്റെ താടിയിൽ മുറിവ് അച്ഛൻ വന്നു ആശുപത്രിയിൽ എത്തിച്ചു മൂന്നു സ്റ്റിച്ച് ഉണ്ടായിരുന്നു അന്നത്തെ മലയാളം പരീക്ഷ എനിക്ക് എഴുതാൻ കഴിഞ്ഞില്ല അതിലുപരി ദിവസം നടക്കുന്ന ഓണ പരിപാടിയാണ് എങ്ങനെ പോകും പോകാൻ സമ്മതിക്കുമോ പക്ഷേ അച്ഛനും അമ്മയും സമ്മതിച്ചു പട്ടുപാവാടയും ഇട്ട് സുന്ദരിയായി സ്കൂളിൽ പോയി അനിയത്തിയും കൂട്ടുകാരികളും ഉണ്ടായിരുന്നു നന്നായി ഞങ്ങൾ ഓണം ആഘോഷിച്ചു കൂട്ടുകാരികളുമായി ഫോട്ടോ എടുത്തു സദ്യ കഴിച്ചു പൂക്കളം ഇട്ടു താടിയിലെ മുറിയിൽ ഒട്ടിച്ച സ്റ്റിക്കർ കാണുന്നുണ്ടായിരുന്നു അത് എനിക്ക് ഭയങ്കര സങ്കടമായിരുന്നു

# എന്റെ കൊറോണ കാലം

ഓർമ്മകളെ കുറിച്ച് പറയുമ്പോൾ ആദ്യം എൻറെ മനസ്സിൽ ഓടിവരുന്നത് കൊറോണ കാലം ഓർമ്മകളാണ് അന്നത്തെ ഓൺലൈൻ ക്ലാസുകളും അത് കഴിഞ്ഞ് അനിയത്തിയോടൊപ്പം ഉള്ള കളിയും എല്ലാം പക്ഷേ അന്ന് സ്കൂളിലെ കൂട്ടുകാരുമൊത്ത് ക്ലാസിൽ സംസാരിക്കുന്നതും ഗ്രൗണ്ടിൽ കളിക്കുന്നത് ശരിക്കും നഷ്ടപ്പെട്ട പോലെ ഉണ്ടായിരുന്നു എങ്ങോട്ട് പോകാൻ പറ്റാതെ വീട്ടിൽ തന്നെ ഇരിക്കുന്നത് മടുപ്പുള്ള ആക്കിയിരുന്നു അതുപോലെ ഒരു കാലം ഇനി വരരുത് എന്നാണ് എൻറെ ആഗ്രഹം

കഥ

# മിട്ടുമുയലും കിട്ടുകരടിയും



സനുഷ കെപി (8B)



ഒരു കാട്ടിൽ കിട്ടുമെന്ന് പേരുള്ള ദുഷ്ടനായ ഒരു കരടി കുട്ടൻ ഉണ്ടായിരുന്നു. കെട്ടുകരടി കാട്ടിലെ ചെറിയ ചെറിയ എല്ലാ ജീവികളെയും ഉപദ്രവിച്ചിരുന്നു ഒരു ദിവസം മിട്ടു മുയൽ കാട്ടിലെ ഒരു മരച്ചുവട്ടിൽ കിടന്നുറങ്ങുകയായിരുന്നു പെട്ടെന്ന് ദേഹത്ത് എന്തോ വന്നു വീണു ചുറ്റുപാടും നോക്കി ചിരിക്കുന്നു അവനാണ് കല്ലെറിഞ്ഞത് മുയൽ ഒന്നും മിണ്ടാതെ നടന്നു കുറച്ചു കഴിഞ്ഞപ്പോൾ അത് ഒരു കരച്ചിൽ കേൾക്കുന്നു രക്ഷിക്കണേ രക്ഷിക്കണേ കരച്ചിൽ കേട്ട സ്ഥലത്തേക്ക് വിട്ടുമുഴി ഓടിച്ചെന്നു നോക്കുമ്പോൾ അത് നമ്മുടെ കെട്ടുകരടി തേനീച്ചകളുടെ കുത്തുകൊണ്ട് മുഖമൊക്കെ വിയർത്ത് വിഷമിച്ചിരി ക്കുന്നു ഇത് കണ്ടമിട്ടുവിനും വിഷമമായി വിട്ടു പറഞ്ഞു നീ എന്തിനാണ് തേനീച്ചകളെ ഉപദ്രവിച്ചത് കാട്ടിലെ എല്ലാ ജീവികളെയും നീ ഉപദ്രവിക്കുന്നില്ലേ അതുകൊണ്ടാണ് ഇപ്പോൾ നിനക്ക് ഇങ്ങനെ ഒരു പണി കിട്ടിയത് തേനീച്ചകളെ ഉപദ്രവിച്ചിട്ടുണ്ട് സാരമില്ല നമുക്ക് പരിഹാരമുണ്ടാക്കാം ഇങ്ങനെ പറഞ്ഞ മെട്ടുമുയൽ തിരിച്ചു പോയി എന്നിട്ട് കരടിക്ക് പുരട്ടാനുള്ള മരുന്നുമായി തിരിച്ചുവന്നു മുഖത്തെല്ലാം പുരട്ടി കൊടുത്തു അങ്ങനെ സന്തോഷവാനായി കെട്ടുകരടിക്ക് ഒരു കാര്യം മനസ്സിലായി ഇനിമുതൽ ഈ കാട്ടിലെ എല്ലാ ജീവികളും എൻറെ സുഹൃത്തുക്കളാണ് ഞാൻ ആരെയും ഇനി ഉപദ്രവിക്കുകയില്ല.

# ഇരുട്ടിലേക്ക് ഒരു പ്രകാശം

കഥ

നന്ദന വി (10B)



ഇരുളടഞ്ഞ ഒരു അധ്യായം എന്ന് കരുതിയതൊന്നും വീണ്ടെടുക്കാൻ അവൾക്കായില്ല തൻറെ മനസ്സിൽ താൻ ഒരു പെണ്ണാണ് തനിക്ക് ധാരാളം പരിമിതികൾ ഉണ്ട് എന്ന് ചെറുപ്പം മുതൽ തന്നെ അവളോട് ആരൊക്കെയോ മന്ത്രിച്ച് കൊണ്ടേയിരുന്നു അതൊരു ഗ്രാമമായിരുന്നു ധാരാളം കെട്ടുകഥകൾ കൊണ്ട് ആരൊക്കെയോ ജീവൻ നൽകിയ ഒരു കൊച്ചു ഗ്രാമം ഗോപാല പുരം നെൽകൃഷിയും കൃഷിയും എന്നിരി ക്കെ പച്ചപ്പു കലർന്ന അഥവാ സുന്ദരി യായ ഗ്രാമം പച്ചനിറത്തിലുള്ള സാരിയെ ടുത്ത് എന്നും തോന്നിക്കുന്ന അത് സുന്ദരമായ ഗ്രാമം അവിടെ ഒരു വലിയ ഇല്ലത്തെ കുട്ടിയെ ആയിരുന്നു മുഖം സരസ്വതി ദേവിയുടെ ചൈതന്യം നിറഞ്ഞതായിരുന്നു ലക്ഷ്മി ദേവിയുടെ ഭാഗ്യ കടാക്ഷം എന്നും അവളെ പലരും വിശേഷിപ്പിച്ചിരുന്നു അവൾ ജനിച്ചതിൽ പിന്നെ ആ ഇല്ലത്തിനെ ഭാഗ്യ കടാക്ഷം ആയിരുന്നുവെത്രേ. അങ്ങനെ അവൾ വളരുംതോറും അവളുടെ ചൈതന്യവും കഴിവും വളർന്നു നൃത്തം സംഗീതം രചന കലകളിലും അവൾ കെമിയായി പത്താം ക്ലാസിൽ ഉന്നത വിജയം നേടി തുടർന്നുള്ള പഠനങ്ങളിലും അവൾ തന്നെ മികവ് കാണിക്കാതിരുന്നില്ല അങ്ങനെ ഇരിക്കുകയാണ് ആ വാർത്ത വന്നത് അവരുടെ അമ്മ രേവതി ക്ഷേത്രത്തിൽ പോയിരുന്നു അച്ഛനും അമ്മാവന്മാരും ജേഷ്ഠൻ എന്നിരിക്കെ കുടുംബത്തിലെ മൂത്താംഗങ്ങൾ എല്ലാം പാടത്ത് കൊയ്ത്തു നടക്കുന്ന ഇടത്തേക്ക് പോയി അങ്ങനെ ആ വലിയ ഇല്ലത്ത് അവളും കുറച്ചു കുട്ടികളും മാത്രം അവൾ നടുമുറ്റത്ത് തന്നെ ആഗ്രഹങ്ങളും കുഞ്ഞുനാളിലെ ഓർമ്മകളും എല്ലാം പങ്കുവെച്ച് ചിരിച്ചു രസിച്ചിരുന്ന ആ സമയത്താണ് ഗൗരി ഒരു ശബ്ദം കേട്ടത് ഇവിടെ ആരുമില്ലേ ഗൗരി തന്റെ പാദവും കുലുക്കി കൊലുസിന്റെ ശബ്ദത്താൽ ഓരോ അടിയായി വെച്ച് നടന്നു വാതിൽ തുറക്കാൻ പോയപ്പോൾ അയാൾ വീണ്ടും പറഞ്ഞു ഇവിടെ ആരുമില്ലേ അയാളുടെ സ്വരം കേട്ട് ഗൗരി പറഞ്ഞു ഇതാ വരണോ അവൾ അവളുടെ താമര കൈകൾ കൊണ്ട് വാതിൽ പതുക്കെ മാമനോ അവൾ നോക്കിയപ്പോൾ പോസ്റ്റ് ഓഫീസിലെ കത്തുകൾ കൊണ്ടെത്തിക്കുന്ന രാജനാണത് മാമൻ തന്നെ നിനക്ക് ഒരു കത്തുണ്ട് അയാൾ പറഞ്ഞു ഗൗരിയമ്പലം എനിക്കോ എനിക്കാരെ കത്ത് എഴുതാൻ അവൾ

ചോദിച്ചു പട്ടണത്തിൽ നിന്ന് അയാൾ അവളോട് പറഞ്ഞു അവൾ ആ കത്ത് വാങ്ങി തുറന്നു വായിക്കാൻ ആരംഭിക്കുന്നതിനു മുമ്പ് മോളെ ഞാൻ പോവുക പറഞ്ഞു അയാൾ പോയതിനു ശേഷം ഇല്ലത്തുള്ളവർ എല്ലാം തികഞ്ഞു മോൾ എന്തെങ്കിലും കഴിച്ചോഅച്ഛൻ ചോദിച്ചു ആ കഴിച്ചു അവൾ പറഞ്ഞു കൊയ്ത്തു ഗംഭീരമായി ഇനി ഒന്ന് കുളിക്കണം കുളിച്ചതിനുശേഷം ഒരു ഉറക്കവും വല്ലാത്ത ക്ഷീണമുണ്ട് ശരിയാ എല്ലാവരും ഒരുമിച്ച് പറഞ്ഞു അവൾ തന്റെ കൊലുസിന്റെ കൊഞ്ചൽ വീണ്ടും ഉയർത്തി മുറിയിലേക്കോ പോയി കത്ത് തുറന്നു നോക്കി അത് വായിക്കാൻ ആരംഭിച്ചു വായിച്ചു കഴിഞ്ഞതിനുശേഷം അവൾ ചെറുതായി അല്ല അതിമനോ ഹരമായി തന്നെ ചിരിച്ചു. കാരണം പട്ടണത്തിലെ ഡോക്ടർ ആവാൻ ആയി കണ്ടുവെച്ച കോളേജിൽ തന്നെ അഡ്മിഷൻ ലഭിച്ചിരുന്നു ഗൗരി അമ്മ വിളിച്ചു എന്താ അമ്മേ അവൾ തിരിച്ചു പറഞ്ഞു ചേർത്ത് പിടിച്ച് അവൾ വേഗം ഉമ്മറത്തേക്ക് ചെന്നു. എല്ലാവരും അവിടെ ഉണ്ടായിരുന്നു എന്തോ കാര്യമുണ്ടെന്ന് അവൾക്ക് മനസ്സിലായി വിവാഹാലോചന വന്നിരിക്കുന്നു എൻറെ മോൾ ഒരു കല്യാണ പെണ്ണ് അച്ഛന്റെ വാക്കുകൾ കേട്ട് അവരുടെ കണ്ണുകൾ നിറഞ്ഞു അവളുടെ ചുണ്ടുകൾ പതുക്കെ എന്തൊക്കെയോ പറഞ്ഞു അവൾ പറഞ്ഞു അച്ഛൻ എന്നോട് ക്ഷമിക്കണം എനിക്കിപ്പോൾ കല്യാണം വേണ്ട ഇതാ നോക്കൂ അവൾ അച്ഛനും മുന്നിലേക്ക് കത്ത് നീട്ടി എന്നിട്ട് പറഞ്ഞു എനിക്ക് പട്ടണത്തിലെ കോളേജിൽ അഡ്മിഷൻ കിട്ടി ഡോക്റ്റർ ആവാനായി മറ്റന്നാൾ പോണം ഇപ്പോൾ ഒരു കല്യാണം എന്നൊക്കെ പറഞ്ഞാൽ അച്ഛൻ കസേരയിൽ നിന്നും എഴുന്നേറ്റു അധിക പ്രസംഗി ഞാൻ പറയും ഈ അനുസരിക്കും അച്ഛൻ കോപത്തോടെ പറഞ്ഞു ഇവിടെ വലിയ അമ്മാവനും പറഞ്ഞു ഗൗരി വാവിട്ടലറി. ഇത്രയും നാളത്തെ തന്റെ കാത്തിരിപ്പിനും അർത്ഥം ലഭിച്ചതെന്നാണ് എൻറെ ഭാവി നശിപ്പിക്കരുത് എന്ന് അവൾ എല്ലാവരോടും പറഞ്ഞു ഈ പട്ടണങ്ങളിൽ പോയി പഠിക്കുന്നവർ ഒക്കെ പിശാചുക്കളാണ് അവിടെ കൂടി നിന്നവർ എല്ലാം പറഞ്ഞു അവളെ വടക്കേമുറിയിൽ പൂട്ടിയിട്ടു അന്ന് രാത്രി അവിടെ അമ്മയുടെ വാതിൽ തുറന്നു അമ്മ എന്നും പറഞ്ഞ് അവൾ വാവിട്ടലറി അമ്മ പറഞ്ഞു ഇത് ഒരു ഇരുട്ടാണ് മോളെ നിൻറെ ജീവിതത്തെ വെളിച്ചത്തിലേക്ക് ഉയർത്തണം മുറ്റത്ത് വണ്ടിയുമായി നിൽക്കുന്നു നിനക്ക് പട്ടണത്തിലേക്ക് പോകേണ്ട എല്ലാ സൗകര്യങ്ങളും മകൻ ഒരുക്കിയിട്ടുണ്ട് ഇപ്പോൾ എല്ലാവരും ഉറക്കമാണ് എൻറെ മകൾ രക്ഷപ്പെട്ടോളൂ അമ്മയുടെ പ്രാർത്ഥന എന്നും നിന്നോ ടൊപ്പം ഉണ്ടാകും അമ്മയോട് ഒരു വാക്കു പോലും പറയാൻ അവളെ അനുവദിക്കാതെ ഇരുട്ടിൽ നിന്നും അമ്മ അവിടെ പ്രകാശത്തി ലേക്ക് യാത്രയാക്കി അന്നത്തെ രാത്രി അവൾക്ക് കൂട്ടായി ചേട്ടനും പ്രകാശമായി

# ഉറക്കമില്ലാത്ത രാത്രികൾ

കഥ

അമയ ടി (3A)

**ഒ**രു ദിവസം രമ്യ വഴിയിലൂടെ നടന്നു പോവുകയായിരുന്നു പെട്ടെന്ന് അവൾ ഒരു കാഴ്ച കണ്ടു. ഒരു പെൺകുട്ടി മരിച്ചു കിടക്കുന്നു അതിനോടൊപ്പം ഒരു സ്ത്രീയും അവൾക്ക് എന്ത് ചെയ്യണം എന്ന് അറിയാതെയായി പേടികൊണ്ട് അവൾ അവിടെ നിന്ന് പോയി അങ്ങനെ രാത്രി അവൾ ഉറങ്ങാൻ കിടന്നു പക്ഷേ അവൾക്ക് ഉറങ്ങാൻ കഴിയുന്നില്ല കണ്ണടക്കുമ്പോൾ പെൺകുട്ടിയുടെ മുഖമാണ് മനസ്സിൽ വരുന്നത് അങ്ങനെ രണ്ടുദിവസം നീണ്ടു പോയി അവളുടെ വിഷമം കണ്ട് അവളുടെ ഉറ്റ സുഹൃത്തായ രേവതിയോട് അവൾ കാര്യങ്ങളെക്കുറിച്ച് പറഞ്ഞു അവൾ പത്രം എടുത്ത് നോക്കിയപ്പോൾ അന്ന് അവൾ കണ്ട ആ കുട്ടിയുടെ മരണവാർത്ത പിന്നെ രമ്യയ്ക്ക് ഉറക്കമില്ലാതെയായി അവൾ ആ കുട്ടിയെപ്പറ്റി അന്വേഷിക്കാൻ തുടങ്ങി. അവൾ അങ്ങനെ ആ ബോഡി കണ്ടു അങ്ങനെ പോയി അവൾ ഒരു കത്തിയും തറയിൽ ചോരയും കണ്ടു അങ്ങനെ അവർ അതുവഴി നടക്കുന്നതിന്റെ ഇടയിൽ അവളെ ഒരു കൂട്ടം ആളുകൾ തട്ടിക്കൊണ്ടുപോയി അവൾ പല പ്രാവശ്യം അവിടെ അടുത്ത് ചോദിച്ചു നിങ്ങൾ ആരാണ് എന്ന് പക്ഷേ അവർ ഒന്നും പറയുന്നില്ല അപ്പോളാണ് അന്ന് കുട്ടിയുടെ അടുത്ത് കണ്ട സ്ത്രീയല്ല അവിടെ വച്ച് കണ്ടത് അപ്പോൾ അവരുടെ അടുത്ത അവൾ ചോദിച്ചു നിങ്ങൾ അന്ന് കണ്ട ആ പെൺകുട്ടിയുടെ കൂടെയുണ്ടായിരുന്നു സ്ത്രീയല്ലേ അപ്പോൾ അവൾ പറഞ്ഞു ആ പെൺകുട്ടിയെ കൊന്നതും ഞാൻ തന്നെയാണ് നിങ്ങൾ ഇത് മാത്രം അറിഞ്ഞാൽ പോരാ പക്ഷേ ഇന്ന് ഇത് ആരോടും പറയരുത് പക്ഷേ ഞാൻ എങ്ങനെ നിന്നെ വിശ്വസിക്കും അതുകൊണ്ട് ഞാൻ നിന്നെ കൊല്ലുകയാണ് അങ്ങനെ അവർ അവളെ കൊന്നുമാറ്റി.

# ഒരു കടൽ യാത്ര

യാത്രാ വിവരണം





**അലീന എം(8B)**

**ഒ**രു ദിവസം ഞങ്ങൾ എല്ലാവരും കൂടി കോഴിക്കോട് കടപ്പുറത്തേക്ക് പോയി അവിടുത്തെ കടൽ കാണാൻ നല്ല രസമുണ്ടായിരുന്നു ഞാനും അനിയത്തിയും കടൽ തിരകളിൽ കുറെ കളിച്ചു രസിച്ചു കടൽക്കാറ്റ് കൊണ്ട് കുറെ സമയം അവിടെ ചെലവഴിച്ചു കുറെ സമയം കടൽ തിരകളിൽ കളിച്ച ശേഷം സൂര്യാസ്തമയം കണ്ട് ഞങ്ങൾ അവിടെ നിന്ന് പോകുന്നു അവിടുത്തെ കാഴ്ചകൾ കണ്ടു അവിടെ നിന്ന് പോരാൻ ഞങ്ങൾക്ക് തോന്നിയില്ല പക്ഷേ നേരം കുറെ ഇരുട്ടിയത് കൊണ്ട് ഞങ്ങൾ അവിടെ നിന്ന് യാത്ര തിരിച്ചു പോകും. പോരുന്ന വഴി ഒരു കടയിൽ കയറി അവിടെനിന്ന് അവനിൽ മിൽക്ക് കുടിച്ച് വീണ്ടും കാലിൽ കയറി യാത്ര തുടങ്ങി കാറിൽ ഞാനും അനിയത്തിയും ഉറങ്ങിയിരുന്നു.


# എന്റെ ഗ്രാമം

കഥ

അതുല്ല്യ കെ (8B)



നരിയക്കം പൊയിൽ എന്ന ഒരു കൊച്ചു ഗ്രാമത്തിലാണ് ഞാൻ താമസിക്കുന്നത് പ്രകൃതിയുടെ ഭംഗിയിൽ തലയുയർത്തി നിൽക്കുന്ന മലയുടെ താഴ്വാരത്തുള്ള ഒരു കൊച്ചുപ്രദേശം ഒഴുകുന്ന തോടും പച്ചവിരിച്ച പാടവും ഉണ്ട് പാടത്തിന്റെ ഇടയിലൂടെ ഒഴുകുന്ന ചെറിയ ചാലുകൾ ഉണ്ട് അതിലെ പാറകളുടെ ഇടയിലൂടെ നീന്തി കളിക്കുന്ന മീനുകളും വളരെ മനോഹരമായ കാഴ്ചയാണ് പാടത്തിൽ പൂത്തുനിൽക്കുന്ന മഞ്ഞപ്പൂക്കളും അതിൽ തേൻ കുടിക്കാൻ തേനീച്ചകളും വരും റോഡരികിലെ മറവിൽ പഴുത്തു നിൽക്കുന്ന മാങ്ങ കൊത്തി തിന്നാൻ പറന്നുവരുന്ന പക്ഷികൾ പിന്നെ മനോഹരമായ ഒന്നാണ് മല ഒരു കൊച്ചു കടയുടെ എതിർവശത്തായി നിൽക്കുന്ന മല അവിടെ പലതരത്തിലുള്ള പക്ഷികളെയും ജന്തുക്കളെയും കാണാം ഏറ്റവും മനോഹരം അവിടെയുള്ള മരത്തിൻറെ ശാഖകളിൽ ഇരുന്ന് ഊഞ്ഞാലാടാൻ സാധിക്കും എന്നതാണ് ഇതൊക്കെ എൻറെഗ്രാമത്തെ മനോഹരമായ.




# കഥാസ്വാദനം ബാല്യകാലസഖി



**അനന്യ കെ (8C)**



വൈക്കം മുഹമ്മദ് ബഷീറിൻറെ പ്രശസ്തമായ ഒരു നോവലാണ് ബാല്യകാലസഖി മജീദും സുഹറയും ആണ് അതിലെ പ്രധാന കഥാപാത്രങ്ങൾ തുടക്കത്തിൽ അവർ ശത്രുക്കളായിരുന്നെങ്കിലും പിന്നീട് അവർ സുഹൃത്തുക്കൾ ആകുന്നു സുഹറ പഠിക്കുവാൻ മിടുക്കി ആയതു കൊണ്ട് മജീദിനെ അവൾ പഠിത്തത്തിൽ സഹായിക്കുമായിരുന്നു പിന്നീട് അവർ പ്രണയത്തിലാകുന്നു അച്ഛനുമായുള്ള വാക്ക് തർക്കത്തിൽ മജീദ് വീട്ടിൽ നിന്നും പടിയിറങ്ങുന്നു ആരോടും ഒന്നും പറയാതെ തിരിച്ചു വന്ന സമയത്ത് കുടുംബം തകരുകയും സുഹറയുടെ കല്യാണം കഴിയുകയും ചെയ്തിരുന്നു എന്നാൽ അത് ഒരു സങ്കടം നിറഞ്ഞ ജീവിതം ആയിരുന്നു അവൾക്ക് വയ്യാതെ കിടന്ന മജീദിനെ നോക്കാൻ സുഹറ വരികയും തുടർന്ന് അവളുടെ വീട്ടിൽ സ്ഥിരം ആക്കുകയും ചെയ്തു ഇരുവരും കല്യാണം കഴിക്കാൻ തീരുമാനിച്ചു മജീദ് ജോലി അന്വേഷിച്ചു വേറെ സ്ഥലത്തേക്ക് പോയി. അവിടെവച്ച് അപകടം സംഭവിച്ചു പിന്നീട് ഒരു ഹോട്ടലിൽ ജോലി കിട്ടി ആ സമയം ഒരു കത്ത് മജീദിനെ തേടി വന്നു സുഖമരിച്ചു എന്നും വീട് ജപ്തിയിലായി എന്നും പറഞ്ഞു മജീദ് ഒരു നിമിഷം സബ്ജൻ ആയി നിന്നു വരും സുഹ്റ എന്തായിരിക്കും പറയാൻ തുടങ്ങിയിട്ടുണ്ടാവുക എന്ന മജീദിന്റെചിന്തയിൽ ആണ് കഥ അവസാനിക്കുന്നത് കിട്ടാതെ പോയ ഒരു പ്രണയത്തിൻറെ കഥയാണിത്


Literacy
Day
Amaya-T 3.A

# പ്രകൃതിയുടെ വരദാനത്തിലേക്ക് ഒരു യാത്ര

**ഷിംനാസ് കെ പി (10 C)**



2023 നവംബർ 25 ശനിയാഴ്ച രാവിലെ 9 മണിക്ക് ഞങ്ങൾ യാത്ര പുറപ്പെട്ടു. ജിഎച്ച്എസ് നീലാഞ്ചേരിയിലെ ജെ ആർ സി വിദ്യാർത്ഥികൾക്കായി അധ്യാപക ഒരുക്കിയ മലയാളികളുടെ അഭിമാനമായ നിലമ്പൂരിന്റെ മണ്ണിലേക്ക് ഒരു പഠന യാത്ര പച്ച കാനന ഭംഗിയിൽ കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചയാണ് നിലമ്പൂരിൽ കാണാൻ കഴിഞ്ഞത് മനോഹരമായ മലനിരകളും കാടിനോട്



കിന്നാരം ചൊല്ലി ഒഴുകുന്ന പുഴകളും അതിരാവിടുന്ന പ്രകൃതിയുടെ പരതിസപ്പിനാൽ അലങ്കരിക്കപ്പെട്ട നിലമ്പൂർ സുഗന്ധവ്യഞ്ജനങ്ങളും കായ്കനികളും കൊണ്ട് കീർത്തി കേട്ട വിശ്വവിഖ്യാതമായ തേക്കുകളുടെ സ്വന്തം നാടാണ് നിലമ്പൂർ ലോകത്തിലെ ആദ്യത്തെ തേക്ക് പരിപാലന കേന്ദ്രമായി നിലമ്പൂരിനെ അറിയപ്പെടുന്നത് മികച്ച ഗുണനിലവാരവും തനിമയും ഉള്ള ഉൽപ്പന്നങ്ങളിൽ ഒന്നായിട്ടാണ് നിലമ്പൂർ തേക്കിനെ പ്രാചീനകാലം മുതൽ കണ്ടുവരുന്നത് ഏകദേശം 50 മീറ്റർ വരെ ഉയരത്തിൽ വളരുന്ന തേക്കുകൾ ഉണ്ട് ഇവിടെ മലബാർ തേക്ക് എന്നും ഇവയെ അറിയപ്പെടുന്നു ആദ്യമായി ഞങ്ങൾ കലോലി ബോട്ടിലേക്കാണ് പോയത് ഏകദേശം പത്തുമണിയോടെ ഞങ്ങൾ അവിടെ എത്തിച്ചേർന്നു 1940 ബ്രിട്ടീഷുകാർ ലോകത്തിൽ തന്നെ ആദ്യമായി ശാസ്ത്രീയമായി നിലമ്പൂരിൽ തേക്ക് തോട്ടം ആരംഭിച്ചു 1943 കലോലി സ്പോട്ട് സ്ഥിരമായ സംരക്ഷണ മേഖലയായി പ്രഖ്യാപിച്ചു 1846 ലെ ഈ തേക്കിൻ തോട്ടം മലബാർ കളക്ടർ ആയിരുന്ന നിലമ്പൂർ കനോലിയുടെ നിർദ്ദേശപ്രകാരം ശ്രീ ചാത്തുമേനോൻ 841 185 നും ഇടയിൽ നിലമ്പൂരിൽ ഒന്നാമതായി 1500 ഏക്കർ തോട്ടത്തിൽ കേക്കുകൾ നട്ടുപിടിപ്പിച്ചു പ്രകാരമാണ് ആയതിനാൽ ആണ് കനോലിസ് എന്ന

പേരിൽ വന്നത് ഇങ്ങനെ ഒരുപാട് ചരിത്രത്തിലുടമയാണ് കാനോലി സ്പോട്ട് അവിടെയുള്ള ഓഫീസർ സലീം സാറിൽ നിന്നും ഒരുപാട് അറിവുകൾ കഴിഞ്ഞു കേടുപാടുകൾ സംഭവിച്ച കെട്ടിടങ്ങളും ഒരുപാട് വൃക്ഷങ്ങളും നിറഞ്ഞ പാതയിലൂടെ യാത്ര തുടർന്നു വിവിധയിനം ഔഷധസസ്യങ്ങളും നക്ഷത്രഫലം എന്ന പേരിൽ 18 1 2019 സ്ഥാപിച്ച വിവിധയിനം തൈകളും കാണാൻ കഴിഞ്ഞു ശേഷം ചാലിയാർ പുഴയുടെ തീരത്തേക്ക് തിരിച്ചുകേരളത്തിലെ വലിപ്പത്തിൽ നാലാം സ്ഥാനമുള്ള പുഴയായ് ചാലിയാറും ഒപ്പം കുതിര പുഴയും സംഗമിക്കുന്ന അതിമ നോഹരമായ കാഴ്ച സ്വർണ മണൽ തരികളാൽ നിറഞ്ഞ ചാലിയാർ അതിലേറെ നിറഞ്ഞൊഴുകുന്ന ജലം തിരിച്ചു വന്നപ്പോൾ 14 വയസ്സിന് താഴെയുള്ള കുട്ടികൾക്കായി ഒരുക്കിയ പാർക്കിൽ ടീച്ചേഴ്സിൻറെ സാന്നി ധ്യമായിരുന്നു കൂടുതൽ അവരുടെ കുട്ടിക്കാലത്തിലേക്കുള്ള ഒരു യാത്ര എന്നപോലെ ചിലർ ഊഞ്ഞാലിൽ ചിലർ സ്ലൈഡുകളിലും ഇതൊക്കെ വീഡിയോ എടുക്കലും അതിനിട യിൽ ഞങ്ങളുടെ ഫോട്ടോ എടുക്കലുമായിരുന്നു ഞങ്ങൾ വിദ്യാർത്ഥികളുടെ പ്രധാന പരിപാടി ശേഷം തിരിച്ചു നടന്നു 2018 ലെ വെള്ളപ്പൊക്കം കാരണം ഫ്ലോട്ടിലേക്കുള്ള തൂക്കുപാലം നശിച്ചിരുന്നു ഇപ്പോൾ നിർഭാഗ്യവശാൽ അതും ഞങ്ങൾക്ക് അറിയപ്പെട്ടു അതുകൊണ്ട് ഏറ്റവും പഴയപഴക്കമേറിയ തേക്കും തോട്ടം കാണാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല പിന്നീട് അവിടെ നിന്നും പുറപ്പെടുന്നതിനിട യിലാണ് നക്ഷത്രം വനം കാണാനിട യായത് ശേഷം ആവറേജ് ലൈഫ് ഓഫ് മമ്മാസ് എന്ന ബോർഡ് കാണാനായി പോയി അതിൽ നിന്നും ഒരുപാട് പഠിക്കാനായി പിന്നീട് അവസാനമായി 21 3 20021 ൽ സ്ഥാപിച്ച ബട്ടർഫ്ലൈ ഗാർഡൻ കണ്ടു ചെറിയ രീതിയിൽ വളരെ കുറച്ചു ചെടികൾ നട്ടുപിടിപ്പിച്ച ഗാർഡൻ ആണെങ്കിൽ പോലും ഉണ്ടായിരുന്നു പലതരത്തിൽ പല വർണത്തിൽ ശേഷം




വ്യത്യസ്തത പക്ഷികളെയും മനോഹരമാ യി വരച്ച ചിത്രങ്ങളും കണ്ടു ഇതിനെല്ലാം ഉപരി കനോലിസ് പോർട്ടിൽ കണ്ടതിൽ വെച്ച് തന്നെ അത്ഭുതപ്പെടുത്തിയത് അവിടെ എഴുതിവെക്കപ്പെട്ട കോഴ്സ് ആയിരുന്നുForest means water water means life no forest no life ഇത്തരത്തിലുള്ള മനുഷ്യനെ പ്രകൃതി

സംരക്ഷണവുമായി ബന്ധപ്പെട്ട് ഉണർത്തുന്ന ഒരുപാട് ഉണ്ടായിരുന്നു രണ്ടുമണിക്കൂർ നേരം കാഴ്ചകൾ കണ്ടു രസിച്ചു ശേഷം എല്ലാവരും ഒരുമിച്ചുള്ള ഫോട്ടോ എടുത്തു അടുത്ത സ്ഥലത്തേക്ക് യാത്ര തിരിക്കാനിരിക്കെ എന്നെ അത്ഭുതപ്പെടുത്തിയ മറ്റൊരു കാര്യം എന്തെന്നാൽ പ്രകൃതിയെ ആസ്വദിക്കാനായി എത്തിയ യാത്രക്കാരിൽ പലരും വളരെ ദൂരെയുള്ളവരായിരുന്നു ഏകദേശം 24 കിലോമീറ്റർ ദൂരെ ഉള്ളതുകൊണ്ട് അതൊരു അത്ഭുതമായി




തോന്നിയിട്ടില്ലെങ്കിലും ലോകം മുഴുവൻ അറിയപ്പെട്ട ഒന്നാണ് നിലമ്പൂർ തേക്കുന്ന് മനസ്സിലാക്കാൻ കഴിഞ്ഞു

മലയാളികളുടെ അഭിമാനമായി തലയുയർത്തി നിൽക്കുന്ന നിലമ്പൂർ തേക്കുകളുടെ പ്രധാന മ്യൂസിയത്തിലെ ആയിരുന്നു പിന്നീടുള്ള യാത്ര 1995 മെയിൽ കേരള ഫോറസ്റ്റ് ഇൻസ്റ്റ്യൂട്ട് കേരള വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചതാണ് ഈ മനോഹരമായ മ്യൂസിയം 160 വർഷം മുമ്പ് ഈ തേക്ക് മരങ്ങൾ പരിപാലിക്കാൻ ആരംഭിച്ച സ്ഥലത്തുതന്നെയാണ് ഈ പ്രദർശനാലയം സ്ഥാപിച്ചിട്ടുള്ളത് തേക്കിന്റെ ചരിത്രം അതിന്റെ പരിപാലന രീതി വിവിധ ഉപയോഗങ്ങൾ എന്നിവ മ്യൂസിയത്തിൽ വ്യക്തമാണ്പ്രവേശനം തന്നെ തേക്കിൽ വേര് തലയിൽ കാണപ്പെടുന്ന ഒരു പ്രതിമയുടേതാണ് ശേഷം ചെറിയൊരു ഗാർഡനും വെള്ളച്ചാട്ടവും അതിനുപരി തേക്കിൻറെ വേര് മേൽപ്പോട്ട് ഉയർത്തിവെച്ച ഒരു മനോഹരമായ വർക്ക് മ്യൂസിയം എന്ന പ്രദർശനാലയത്തിലേക്ക് പേര് നൽകിയത് പോലും തേക്കിന്റെ തടി കൊണ്ടാണ് അതിനകത്ത് വ്യത്യസ്ത തരത്തിലുള്ള തേക്കുകൾ ഇലകൾ പെയിൻറിംഗ്സ് വീട്ടുപകരണങ്ങൾ വാദ്യോപകരണങ്ങൾ പരമ്പരാഗത വിളവെടുപ്പ് ഉപകരണങ്ങൾ ആരാധനാ വസ്തുക്കൾ അലങ്കാര വസ്തുക്കൾ ഫർണിച്ചർ ഊഞ്ഞാൽ തൊട്ടിൽ പെട്ടികൾ മൃഗങ്ങളുടെ പ്രതിമകൾ അങ്ങനെ തേക്കിനാൽ നിർമിച്ച ഒരുപാട് വസ്തുക്കൾ കാണാനിടയായി അതിൽ പ്രധാനമായതാണ് ഒരു എന്ന കപ്പലിന്റെ മാതൃക വ്യത്യസ്ത ഉയരത്തിലുള്ള തേക്കും തടികൾ നിരയായി പ്രദർശിപ്പിച്ച മനോഹരമായ ഒരു ഹാൾ കാണാനായി അവിടെ എഴുതപ്പെട്ട പ്രത്യേകതകൾ വായിച്ചു ശേഷം ഫോട്ടോയെടുത്തു ശേഷം

ഇടതുഭാഗത്തായി ഒരു ബാൽക്കണി സെറ്റ് ചെയ്തിട്ടുണ്ട് അതിൻറെ മറുവശത്ത് ഏകദേശം വണ്ണവും വലിപ്പവും ഉള്ള തേക്ക് മുറിച്ചു വച്ചിട്ടുണ്ട് ശേഷം തേക്കിന്റെ പേരുകളുടെ ഒരു ദൃശ്യം കാണാൻ കഴിഞ്ഞു. ഫൈബ്രസ് റൂട്ട് താഴത്തേക്ക് വ്യാപിച്ചുകിടക്കുന്ന വേരുകൾ മണ്ണിൻറെ പോസിറ്റി കൂട്ടാനും ജലാംശവും ഫലപുഷ്ടിയും നിലനിർത്തുകയും ചെയ്യുന്നു വിത്ത് ശേഖരിക്കുന്നത് ഉത്തമ വൃക്ഷത്തിൽ നിന്നാണ് എന്നും കായ പൂവ് പുറം തൊലി പാകപ്പെടുത്തുന്നതും തോട്ടത്തിൽ താമസിക്കുന്ന ജീവജാലങ്ങളെ ആനിമൽ അസോസിയേറ്റ് എന്ന പേരിലും 100 കണക്കിന് പൂമ്പാറ്റകളും വണ്ടുകളും ഉണ്ടാക്കുന്ന രോഗങ്ങളെ കുറിച്ച് എന്ന പേരിലുമുള്ള വിവിധ ബോർഡുകളിൽ നിന്ന് തേക്കിനെ കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞു ആകർഷണീയത കാരണം അതിൻറെ ഘടനയും വണ്ണവും ആണ് കീടങ്ങളെ മാത്രമല്ല കാലഭേദങ്ങളെ പോലും അതിജീവിക്കാൻ ശക്തമാണ് അതിൻറെ ഘടനയും വർണ്ണവും ഗ്രാണ്ടിസ് എന്ന ശാസ്ത്രീയ നാമമുള്ള സംയുക്തമാണ് ഈ ഗുണത്തിന് നിദാനം. മറ്റ് തടികളേക്കാൾ ഭാരവും കാഠിന്യവും കുറവായിരിക്കും തന്നെയാണ് നന്നായി ഈടുനിൽക്കുന്നു ആശാരിയുടെ അഭിമാനം എന്ന പ്രശംസയ്ക്ക് തീർത്തും ഉചിതമാണ് എന്ന് മ്യൂസിയത്തിൽ എഴുതി വച്ചിട്ടുണ്ട്

പുറകുവശത്തായി ഉണ്ടാക്കിയ ഗാർഡൻ അതിമനോഹരമായിരുന്നു ശേഷം ജൈവ വിഭവ ഉദ്യാനം എന്ന പേരിൽ ഒരു ചെറിയ പാർക്കോട് കൂടി തുടങ്ങുന്ന അതിമനോഹരമായ കാഴ്ച എന്ന പേരിൽ വ്യത്യസ്ത ഓർക്കിഡ് ചെടികളും ബുഷസ് ഫ്ലവേഴ്സ് സ്പോൺസർ ബട്ടർഫ്ലൈസ് മെഡിക്കൽ വാട്ടർ പ്ലാന്റ്സ് കുടക്കല്ല് പിന്നീട് ടോക്സോണമിക്ക് ഗാർഡൻ എന്ന പേരിൽ വ്യത്യസ്ത പനകൾ കൊണ്ട് അലങ്കരിക്കപ്പെട്ട ഒരു വാസ്തു ഗാർഡൻ കാണാനിടയായി അവിടെയുള്ള ടവറിന്റെ മുകളിൽ കയറി അത് മുഴുവൻ കാണാനുള്ള വ്യൂ പോയിൻറ് ആയിരുന്നു ഏകദേശം ഒരു മണിയോടെ ഭക്ഷണം കഴിക്കാനായി മറ്റൊടത്തേക്ക് തിരിച്ചു നടക്കുന്നതിനിടയിൽ ഒരു ഐസ്ക്രീം വാങ്ങിച്ചു ശേഷം ഭക്ഷണം കഴിച്ചു മൂന്നു മണിയോടെ ബംഗ്ലാവ് കുന്നിലെത്തി 1846 50 കാലഘട്ടത്തിൽ ബ്രിട്ടീഷുകാരുടെ ആസൂത്രണ പ്രകാരം 1928 നിർമ്മിച്ചതാണ് ഓൾഡ് ഡി എഫ് ബംഗ്ലാവ് പണി നടക്കുന്ന കാരണത്താൽ അകത്തേക്കുള്ള പ്രവേശനം ഇല്ലായിരുന്നു തൊട്ടടുത്ത സ്കൈ വാക്ക് ബ്രിഡ്ജിലൂടെ നടന്ന് അതിവേഗം അവിടെനിന്ന് യാത്രതിരിച്ചു ഏകദേശം അഞ്ചു മണിയോടെ എത്തിച്ചേർന്നു നല്ല

രീതിയിൽ ചെടികളാൽ അലങ്കരിക്കപ്പെട്ട പാതയിലൂടെ അവിടെയെത്തി സ്വാഗതം എന്നപോലെ സമർത്ഥമായ കാർഡുകളും പച്ചപ്പ് നിറഞ്ഞ മലനിരകളായി ചുറ്റപ്പെട്ട വെള്ളച്ചാട്ടവും പക്ഷികളുടെ ശബ്ദം ഉണ്ടായിരുന്നു ഈ വെള്ളച്ചാട്ടത്തിൽ 22 പേർ മരണപ്പെട്ടിട്ടുണ്ട് അടുത്ത ആൾ നിങ്ങൾ ആവാതിരിക്കട്ടെ എന്ന് ഡിപ്പാർട്ട്മെന്റിന്റെ സൈൻബോർഡ് വായിക്കാൻ ഇടയായി വെള്ളച്ചാട്ടത്തിൽ ഇറങ്ങാൻ അനുമതി ഇല്ലാത്തതിനാൽ കുറച്ച് അകലെയുള്ള വ്യൂ പോയിന്റിലേക്ക് നടക്കുകയായിരുന്നു എനിക്ക് സൈൻബോർഡ് വായിച്ചതിൽ പേടിയുണ്ടെങ്കിലും ടീച്ചേഴ്സും ഫ്രണ്ട്സും പോയപ്പോൾ ഞാനും പോയി അതിനുമുകളിൽ നിന്നും താഴോട്ടുള്ള വ്യൂ അതിമനോഹരമായിരുന്നു അവിടെനിന്ന് ഫോട്ടോസ് എടുത്ത് തിരികെ പോന്നു ശേഷം അവിടെയുള്ള പവർ സ്റ്റേഷനിലേക്ക് പോയി ഏകദേശം രണ്ടായിരത്തി നാനൂറ് യൂണിറ്റ് കരണ്ട് ഇവിടെ ഉണ്ടാക്കുന്നു 2015 ലാണ് ഇത് ആരംഭിച്ചത് 976 മീറ്റർ നീളമുള്ള ഒരു തുരങ്കത്തിലൂടെ ടാങ്കിലേക്ക് വെള്ളം അതിവേഗത്തിൽ ഒഴുകുന്നു മൂന്നു ജനറേറ്റുകൾ പൈപ്പിലൂടെ വെള്ളം എത്തുന്നു എന്നിട്ട് കറൻറ് ഉത്പാദിപ്പിക്കുന്നു ഇതിൽ ആവശ്യത്തി ലധികം ഉള്ള വെള്ളം പുറത്തേക്ക് വിടുന്നു ശേഷം വീട്ടിലേക്ക് തിരിച്ചു ഒരു ഫീൽഡ് ട്രിപ്പ് എന്നതിലുപരി സ്കൂൾ ലൈഫിലെ എൻറെ ആദ്യത്തെ ട്രിപ്പ് ആയിരുന്നു സ്കൂൾ ബസ്സിലായിരുന്നു പോയിരുന്നു എങ്കിലും അതൊരു കുറവായി തോന്നിയിട്ടില്ല ഫ്രണ്ട്സിനെയും ടീച്ചേഴ്സിന്റെയും പാട്ടും ഡാൻസും അങ്ങനെ എൻജോയ് ചെയ്ത ട്രിപ്പ് തന്നെയാ യിരുന്നു ഇങ്ങനെ പ്രകൃതിയുടെ വരദാനത്തിലേക്ക് ഒരു ട്രിപ്പ് പ്ലാൻ ചെയ്ത ടീച്ചേഴ്സിന് ഒരുപാട് നന്ദി. ഇനിയും ഇതുപോലുള്ള സ്ഥലങ്ങൾ സന്ദർശി ക്കാനും സംരക്ഷിക്കാനുള്ള ആകാംക്ഷ ആയിരുന്നു മനസ്സിൽ അതിനു സാധിക്കട്ടെ എന്ന് ആഗ്രഹിക്കുന്നു ഏകദേശം 7 30 ഓടെ ഞങ്ങൾ സ്കൂളിൽ തിരിച്ചെത്തി


FIDHA SHERIN.P
8.A

## യാത്രാവിവരണം

**നിദ ഫാത്തിമ പി ടി (9A)**


**ഞ**ങ്ങളുടെ യാത്ര ആരംഭിച്ചത് ജിഎച്ച്എസ് നീലാഞ്ചേരി എന്ന ഞങ്ങളുടെ സ്കൂളിൽ നിന്നാണ് രാവിലെ 8 25 ന് പുറപ്പെടും എന്ന് പറഞ്ഞ ബസ് പുറപ്പെടുന്നത് 9 മണിക്ക് ശേഷമാണ് നല്ല തണുത്ത അന്തരീക്ഷം സൂര്യൻ ഞങ്ങളെ നോക്കി പുഞ്ചിരിക്കുന്നു പോലെ സൂര്യരശ്മികൾ ഞങ്ങളുടെ മുഖത്ത് അടിച്ചു അപ്പോൾ അനൂപ് സാറും മിനി ടീച്ചറും വിളിച്ചു എല്ലാവരെയും വരിയായി നിർത്തി എണ്ണം എടുത്തു ബസ്സിൽ കയറാൻ പറഞ്ഞു എല്ലാവരും സൈഡ് സീറ്റിന് തല്ലുകൂടി നിൽക്കുകയായിരുന്നു കുറെ പേർക്ക് കിട്ടി എനിക്ക് കിട്ടിയില്ല എനിക്ക് മുമ്പ് എൻറെ ഫ്രണ്ട് കയറി സൈഡ് സീറ്റ് തരില്ല ഇങ്ങോട്ട് വരുമ്പോൾ ഇരുന്നു എന്ന് പറഞ്ഞു അങ്ങനെ ഞങ്ങളുടെ യാത്ര ആരംഭിച്ചു പോകും വഴി കാളികാവിലൂടെ വണ്ടൂരിൽ കൂടെ നിലമ്പൂരിലേക്ക് അതെ യാത്ര നിലമ്പൂരിലേക്കാണ് ഞാൻ ഇതുവരെ നിലമ്പൂർ തേക്ക് മ്യൂസിയം കണ്ടിട്ടില്ല കനോലി പ്ലോട്ട് എന്നിവയൊന്നും കണ്ടിട്ടില്ല ഞാൻ നിലമ്പൂരിലേക്ക് പോയിട്ടില്ല സുഹൃത്തുക്കൾ പലരും തേക്ക് മ്യൂസിയം കണ്ട് മടുത്തവരായിരുന്നു അവർക്ക് വലിയ കാഴ്ചകളൊന്നും ഉണ്ടായിരുന്നില്ല എന്നാൽ എനിക്ക് ഒരു വലിയ സംഭവമായിരുന്നു അങ്ങനെ യാത്രയിൽ ഉടനീളം അധ്യാപകരും കുട്ടികളും പാട്ടുപാടി രസിച്ച് ഉല്ലസിച്ചു പോയി അങ്ങനെ വീണ്ടും അനൂപ് സാറിന്റെ അനൗൺസ്മെൻറ് നമ്മൾ ആദ്യമായി എത്തുന്നത് കനോലി പോർട്ടിലേക്കാണ് എനിക്ക് വളരെ ആകാംക്ഷയായിരുന്നു അങ്ങനെ ഞങ്ങൾ കലോളി പ്ലോട്ടിൽ എത്തി അപ്പോഴാണ് ഞങ്ങൾ ഒരു സങ്കടവാർത്ത അറിഞ്ഞത് ജങ്കാറിലൂടെ പോകുന്ന സ്ഥലത്തേക്ക് പ്രവേശനമില്ല എന്ന് ഇത് ആദ്യം പറഞ്ഞത് മനോജ് സാറാണ് പിന്നെ അവിടുത്തെ ഫോറസ്റ്റ് ഓഫീസർ വളരെ വൃത്തിയായി എല്ലാ പ്രശ്നങ്ങളും വളരെ വ്യക്തമായി മനസ്സിലാക്കാത്ത പറഞ്ഞു പിന്നെ ഞങ്ങൾ കലോലി പ്ലോട്ട് കാണാൻ പോയി അവിടെ നിന്ന് ഒത്തിരി ഫോട്ടോസ് എടുത്തു ഞങ്ങൾ നാല് പേരടങ്ങിയ ഒരു ഗ്രൂപ്പ് ആണ് ഞങ്ങൾ ഫ്രണ്ട്സ് അനുമിനു മിനു സിനു ഷിഫാ

എന്നിവരാണ് കനോലിയിലൂടെ ഉള്ളിലേക്ക് പ്രവേശിച്ചാൽ ഇരു ഭാഗങ്ങളിലും മരങ്ങൾ നടുവിലൂടെ കട്ട പതിച്ച ഒരു വഴി ഒരു സൈഡിൽ ഒരു ബിൽഡിംഗ് വളരെ പഴയതാണ് എന്ന് തോന്നുന്നു അതിൽ ഒരു ചിത്രമുണ്ട് അതിമനോഹരമായ ഒരു ചിത്രം നല്ല കഴിവുള്ള ഒരു കലാകാരൻ തന്നെയാണ് അത് ചിത്രീകരിച്ചിരിക്കുന്നത് പിന്നെ കണ്ടത് ആ ബിൽഡിങ്ങിന്റെ ഒരു ഭാഗത്ത് ഒരു പുലിയുടെ ചിത്രമാണ് അപ്പോൾ ഞാൻ മാഷിനോട് ചോദിച്ചു ഈ ബിൽഡിംഗ് എന്താണ് എന്ന് മാഷ് പറഞ്ഞത് അതൊരു മില്ല് ആണ് എന്നാണ് അവിടുത്തെ ഏറ്റവും പഴക്കം ചെന്ന തേക്കുകൾ നട്ടുപിടിപ്പിച്ചത് 1846 ലാണ് അതും മനുഷ്യനിർമ്മിതമാണ് എന്നതാണ് ഇതിൻറെ മറ്റൊരു പ്രത്യേകത അതിൻറെ എല്ലാ കാര്യങ്ങളും അവിടെ ഓരോ ബോർഡുകളിൽ എഴുതിയിട്ടുണ്ട് കനോലി സായിപ്പ് നിർമ്മിച്ച ഈ തേക്ക് തോട്ടം മലപ്പുറത്തിന്റെ മികവ് കാണിക്കുന്ന ഒന്നാണ് വളരെ കൂൾ ആയ അന്തരീക്ഷം പക്ഷികളുടെ ശബ്ദം അങ്ങനെ ശാന്തമായത് നഗരത്തിലെ സമാധാനപരമായ ഏരിയ വളരെ മനോഹരം അവിടെ കാണാൻ ഇപ്പോൾ ചെറിയ മരങ്ങൾ നട്ടുവച്ചതും നക്ഷത്ര വനവും ആണ് അവിടെ ഓരോ നക്ഷത്രം ഉള്ളവർക്ക് അവരുടെ ഭാഗ്യ നക്ഷത്രങ്ങൾ നട്ടുപിടിപ്പിച്ച് ഓരോ തയ്യനും ഓരോ നക്ഷത്രത്തിന്റെ പേര് നൽകിയിട്ടുണ്ട് അവിടെ നിന്നിറങ്ങിയപ്പോൾ ഞങ്ങൾ കണ്ടത് ചിത്രശലഭങ്ങൾ നിറഞ്ഞ ഒരു സ്ഥലത്ത് ആണ് ഞങ്ങൾ അവയുടെ ഉള്ളിലേക്ക് കയറിനിന്ന് ഫോട്ടോ എടുത്തു എന്നിട്ട് ഞങ്ങൾ അവിടെ നിന്ന് പോകുമ്പോൾ ചാലിയാർ പുഴയും കുതിര പുഴയും കൂടിച്ചേരുന്ന ഒരു സ്ഥലത്താണ് എത്തിച്ചേർന്നത് അവിടെ എനിക്ക് അത്ഭുതമായത് ഈ രണ്ടു പുഴകളും കൂടി ചേരാത്ത പോലെയാണ് ഒരു അതിർത്തി ഇടയിലുള്ള പോലെ തമ്മിൽ കലരാതെ നിൽക്കുന്നു ഞങ്ങൾ അവിടെ നിന്നും തിരികെ വന്നപ്പോഴാണ് പാർക്കിൽ കയറിയത് ഞങ്ങൾ ഊഞ്ഞാലാടി സീസൊയിൽ കയറിഅങ്ങനെ ഞങ്ങൾ അവിടെ നിന്നും തിരിച്ചു ഇനി അടുത്ത സ്ഥലമായ തേക്ക് മ്യൂസിയത്തിലേക്കാണ് പോകുന്നത്. അവിടെ എത്തിയപ്പോൾ 12 മണി കഴിഞ്ഞിരുന്നു വളരെ ഭംഗിയുള്ള സ്ഥലമാണ് ബസ്സിൽ നിന്നും ഇറങ്ങി മ്യൂസിയത്തിന്റെ പ്രവേശന കവാടത്തിനടുത്ത് അതിൻറെ സുരക്ഷിതത്തിനു വേണ്ടി കുറെ പോലീസുകാരും ഉണ്ടായിരുന്നുവി ആകൃതിയിലുള്ള വഴി അതിൻറെ ഇരുവശങ്ങളിലും തേക്ക് മരങ്ങൾ അതിൻറെ ഒരു വശത്ത് ഒരു വീട് പോലെയുള്ള എന്തോ ഒന്ന് ആ വഴിയുടെ

നടുവിൽ ഒരു സ്വർണ്ണ നിറത്തിലെ ഒരു പ്രതിമ അതിന്റെ ബാക്കിൽ അതിമനോഹരമായ ബുഷ് തോട്ടത്തിന് നടുവിലുള്ള ഒരു ചെറിയ അരുവി വളരെ വൃത്തിയും ഭംഗിയുമുള്ള നല്ല പ്രദേശം ആദ്യം എല്ലാവരും തേക്ക് മ്യൂസിയം എന്ന് എഴുതിയ ബിൽഡിങ്ങിലേക്ക് കയറി അതിൻറെ പുറത്ത് തലകുത്തിവെച്ച ഒരു പേരിൻറെ രൂപം ഉണ്ടായിരുന്നു ഞങ്ങൾ അതിൻറെ ഉള്ളിൽ പ്രവേശിച്ചു ചെരിപ്പ് പുറത്ത് ഊരി വെച്ചാണ് ഞങ്ങൾ ഉള്ളിലേക്ക് കയറിയത് അവിടെ ഞാൻ കണ്ടത് ഒരുപാട് തേക്കിന്റെ ചിത്രങ്ങൾ ഫ്രെയിം ചെയ്തുവച്ചിരുന്നു. പിന്നെ തേക്കിന്റെ തടുകൊണ്ടുണ്ടാക്കിയ പായ കപ്പലിന്റെ മിനിയേച്ച രൂപമാണ് അവിടുത്തെ വലിയ പ്രത്യേകത അവിടെയുള്ള എല്ലാത്തിനെക്കുറിച്ചും ഓരോ സ്ഥലത്ത് ആ വസ്തുവിന്റെ തൊട്ടടുത്ത് വച്ച ക്യാൻവാസിൽ എഴുതിവച്ചിട്ടുണ്ട് എത്രയോ പ്രായമുള്ള വളരെ വയസ്സായ മരത്തടികളുണ്ട് അവിടെ കൊണ്ടുള്ള ഉപയോഗങ്ങൾ ഗണങ്ങൾ പ്രതിമകൾ എന്നിങ്ങനെ പല വെറൈറ്റി വസ്തുക്കളും അതിൽ എന്നെ അധിക്ഷേപിച്ചത് കൊണ്ട് ഉള്ള റേഡിയോ ആണ് ഞങ്ങൾ ആരുടെ പേരും ടൈമിൽ മനോജ് മാഷിൻറെ അടുത്ത് ഇതിനെപ്പറ്റി ചോദിക്കുകയായിരുന്നു പിന്നെ വളരെ വലിയ തടിയിൽ തേക്കിനെ കണ്ടു അത് മുറിച്ചുവെച്ച് പോലീസ് ചെയ്തതാണ് എന്ന് തോന്നുന്നു ഞാൻ എല്ലായിടത്തും കണ്ടു പിന്നെ കണ്ടത് പല വിചിത്രമായ അതിശയിപ്പിക്കുന്ന ചിത്രശലഭങ്ങളുടെ ചിത്രം ശലഭങ്ങളെ പിടിച്ച് ആണികളിൽ കുത്തിവച്ചിരിക്കുകയാണ് അതിൻറെ സൈഡിൽ എഴുതിയിരിക്കുന്നത് ഇവിടെ കാണുന്ന എല്ലാം തേക്കും മ്യൂസിയത്തിന്റെ ഉള്ളിൽ കാണപ്പെടുന്ന ജീവികളാണ് പിന്നെ മുകളിൽ നിന്നും താഴേക്ക് നോക്കുമ്പോൾ അവിടെ പച്ചപ്പ് നിറഞ്ഞ ഒരു സ്ഥലമാണ് കാണുക ഫോട്ടോ എടുക്കാൻ പറ്റിയ ഒരു സ്ഥലം തേക്കിന്റെ നീളമുള്ള തടികൾ നട്ടപോലെ കുത്തി ചാരി വച്ചിരിക്കുന്നു പിന്നെ വിവിധ രൂപങ്ങൾ കണ്ടു വിവിധ തേക്കും കാഴ്ചകൾ ഏതൊക്കെയെന്നും അറിയാൻ പറ്റി മാത്രമല്ല ഓരോ കഴിക്കും നാല് ഭാഗമാണ് ഉള്ളതെന്നും അവിടെ നിന്നാണ് മനസ്സിലാക്കാൻ പറ്റിയത് ഞാൻ അതിൻറെ മ്യൂസിയത്തിന്റെ എല്ലാ ദൃശ്യങ്ങളും ഞാൻ ഫോണിൽ പകർത്തി നടക്കുകയായിരുന്നു പെട്ടെന്നാണ് എനിക്ക് മനസ്സിലായത് എൻറെ കൂടെ വന്നവരെല്ലാം പുറത്തിറങ്ങി എന്ന് ഞാൻ വളരെയധികം പേടിച്ചിരുന്നു കാരണം ഒപ്പം കൂട്ടമായി നടക്കണം എന്ന് പറഞ്ഞിട്ടുണ്ടായിരുന്നു ഞാൻ പെട്ടെന്ന് വെപ്രാളത്തിൽ പുറത്തിറങ്ങി അപ്പോൾ ഭാഗ്യത്തിന് ഞങ്ങളുടെ ഒപ്പം ഉള്ള ഒരു

ടീച്ചറിനെ കണ്ടു പെട്ടെന്ന് ഞാൻ എൻറെ കൂട്ടുകാരെ പറ്റി ടീച്ചറിനോട് പറഞ്ഞു അപ്പോൾ ടീച്ചർ പറഞ്ഞു എന്ന് ഞാൻ വേഗം പാർക്കിൽ ചെന്ന് അവരെ കണ്ടെത്തി ഞങ്ങൾ ടീച്ചേഴ്സിൻറെ കൂടെ ഫോട്ടോ എടുത്തു പിന്നെ ഒരു ടവറിൽ കയറി അവിടെയാണ് ഹെർബൽ ഗാർഡൻ യഥാർത്ഥ ഭംഗി കാണാൻ കഴിയുന്നത് അവിടെ പല പാർട്ടികളും ആയി ചെടി വളർത്തിയിട്ടുണ്ട് പോകുമ്പോൾ രണ്ട് തവളകൾ ഇരുന്ന് ചെസ്സ് കളിക്കുന്ന ഒരു പോണ്ടിൽ ഇരിക്കുന്നതായി കാണാം അവയുടെ മുകളിൽ നിന്നും മുകളിലേക്ക് വെള്ളം ഉയരുന്നു പിന്നെ ഒരു കവാടം അതിൻറെ മുകളിൽ എന്തോ വള്ളിയിട്ടുണ്ടായിരുന്നു പിന്നെ പാറക്കെട്ട് നിറഞ്ഞ ഭാഗം ഞാൻ അതിൻറെ മുകളിൽ കയറി വേറെയും കുറെ കുട്ടികൾ അവിടെ ഉണ്ടായിരുന്നു

അങ്ങനെ ഞങ്ങൾ അവിടെ നിന്നും കുറച്ച് അകലെയുള്ള ഒരു മൂന്നു രൂപ കൊടുത്തു ഭക്ഷണം കഴിക്കുന്ന സ്ഥലത്ത് പോയി ഭക്ഷണം കഴിച്ചു നല്ല വിശപ്പുണ്ടായിരുന്നു. കാരണം രാവിലെ സ്കൂളിലേക്ക് വരുന്നത് ഭക്ഷണം പെട്ടെന്ന് കഴിഞ്ഞു വെള്ളം കുടിച്ച് കൈകഴുകാൻ ചെന്നപ്പോൾ വെള്ളമില്ല പിന്നെയാണ് മനസ്സിലായത് അതിൻറെ എതിർവശത്തേക്കാണ് വെള്ളം വരുന്നതെന്ന്അവിടെനിന്ന് അടുത്തതായി പോയത് ആദ്യം പാറയിലേക്കാണ്. രണ്ട് വലിയ കയറ്റം ആണ് അത് കാരണം എങ്കിൽ നമ്മൾ ഇറങ്ങി വണ്ടി തള്ളണമെന്ന് തോന്നും എന്നാലും ഞങ്ങളുടെ ഡ്രൈവർ ആ കയറ്റം വലിച്ചുകയറ്റി പിന്നെ ആട്ടിൻപാറയിൽ എത്തി അവിടെ സൈഡിലെ കടകളിൽ നമ്മുടെ നാട്ടിലെ സാധനങ്ങളുടെ ഇരട്ടി വിലയാണ് എന്നാലും ഒരു മാങ്ങ വാങ്ങി പോയി ആദ്യം പാറ എന്ന ടൂറിസ്റ്റ് കേന്ദ്രത്തിലേക്ക് കയറി സ്റ്റെപ്പ് ഇറങ്ങി ഒരു ബിൽഡിങ്ങിന്റെ ഉള്ളിലൂടെ പുറത്ത് കടക്കുന്നു വീണ്ടും സ്റ്റെപ്പുകൾ ഇറങ്ങുമ്പോൾ ഇരുഭാഗത്തും പലതരം പൂക്കൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്.


10·A
Laya jebir